# റിവോൾവിങ് ഫ ് അക്കൗ ്സ്

## 2010-2011

നമ്പർ.എൽ.എഫ്.സിൽ/എ5/427/12 തിയതി: 17.06.12/09.09.13

### കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്

### റിവോൾവിങ് ഫ ് അക്കൗ ്സ് (ഇൻസ്റ്റാൾമെന്റ് അക്കൗ ്സ്) 2010 – 11

**കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ**

2010 – 11 വർഷത്തെ റിവോൾവിങ് ഫ ് (ഇൻസ്റ്റാൾമെന്റ് അക്കൗ ്സ്) ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരള ലോക്കൽ ഫ ് ഓഡിറ്റ് നിയമവും,

1996 ലെ കേരള ലോക്കൽ ഫ ് ഓഡിറ്റ് ചട്ടവും

അനുസരിച്ച് പുറപ്പെടുവിക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ : **ജി. സുജാതൻ**
ഡെപ്യൂട്ടി ഡയറക്ടർ
സിൽ & എസ്.ഐ.ഇ.പി ഓഡിറ്റ്

**<u>ഓഡിറ്റ് നിർവഹണം</u>**

ശ്രീ. എം. സി. രാജിലൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. സാബു. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുനി മാധവൻ. ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. പ്രകാശ്. എസ്, ഓഡിറ്റർ

LOCAL FUND AUDIT DEPARTMENT

## ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ

| | | |
|---|---|---|
| **ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ** | പ്രൊ.കെ.പാപ്പൂട്ടി | 01.04.2010 മുതൽ 31.03.2011 വരെ |
| **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ** | ശ്രീ.പി.ശ്രീകുമാർ | 01.04.2010 മുതൽ 31.03.2011 വരെ |
| **ഫൈനാൻസ് ഓഫീസർ** | ശ്രീ.ജേക്കബ് കോശി | 01.04.2010 മുതൽ 31.03.2011 വരെ |

LOCAL FUND AUDIT DEPARTMENT

# ഉള്ളടക്കം

## ഭാഗം-1
## വിലയിരുത്തലുകൾ


1. അവലോകനം
    - എ. റിവോൾവിങ് ഫണ്ട് – സാദ്ധ്യതകൾ, പരാധീനതകൾ
    - ബി. ശുഷ്കമാകുന്ന റിവോൾവിങ് ഫണ്ട്
    - സി. ചെലവുകൾ നിയന്ത്രിക്കണം
    - ഡി. കടമെടുക്കുന്നതും തിരിച്ചടയ്ക്കുന്നതുമായ തുകകൾ.
    - ഇ. വാല്യങ്ങളുടെ വിറ്റുവരവ്
    - എഫ്. വരവു–ചെലവുകൾ
2. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ


## ഭാഗം-2
## നിരീക്ഷണങ്ങൾ


3. പുസ്തകമേളകൾ : തുക ഒടുക്കുന്നതിൽ വീഴ്ച
4. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ ഇല്ല – അടിയന്തിര നടപടി അനിവാര്യം
5. വാഹനം വാടകയ്ക്കെടുക്കൽ – ക്വട്ടേഷൻ നടപടിയിൽ അപാകങ്ങൾ
6. വിജ്ഞാനകോശ വാല്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നില്ല
7. ഉത്തരവുകളിലെ കണക്കുകളും വിതരണം ചെയ്ത വാല്യങ്ങളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല
8. വിതരണത്തിനായി വാല്യങ്ങൾ ഏറ്റെടുക്കുമ്പോൾതന്നെ സ്റ്റോക്കിൽ കുറവുചെയ്യണം
9. സാമ്പത്തിക നില
10. ക്യാഷ് ബുക്ക് അപാകം : റീകൺസിലിയേഷനു പകരം നടപടി ഉത്തരവ്


## ഭാഗം-3
## തടസ്സപ്പെടുത്തലുകൾ


11. വാല്യങ്ങൾ നേരിട്ട് എത്തിക്കുന്നതിന് അനുവാദമില്ല
12. വിജ്ഞാനകോശ വാല്യങ്ങളുടെ പുനർമുദ്രണം : നടപടികളിൽ അപാകം


LOCAL FUND AUDIT DEPARTMENT

## ഭാഗം-4

13. ഓഡിറ്റ് ചാർജ്

## ഭാഗം-5

14. ഓഡിറ്റ് പ്രത്യവലോകനം

## ഭാഗം-6

15. അനുബന്ധം

    1. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

LOCAL FUND AUDIT DEPARTMENT

# ഭാഗം-I

# വിലയിരുത്തലുകൾ

## 1. അവലോകനം

### എ. റിവോൾവിങ് ഫ ് – സാദ്ധ്യതകൾ, പരാധീനതകൾ

സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാനകോശ വാല്യങ്ങളുടെ വിറ്റുവരവ് ഇനത്തിൽ സമാഹരിക്കുന്ന തുക ഉൾക്കൊള്ളുന്നതാണ് റിവോൾവിങ് ഫ ്. 19.05.1987 ലെ ജി.ഒ.(എം.എസ്).നം.16/87/സി.എ.ഡി പ്രകാരമാണ് ഈ ഫ ് രൂപീകൃതമായത്. സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്ത മലയാള വിജ്ഞാനകോശം, സാഹിത്യവിജ്ഞാനകോശം എന്നിവ പൂർണ്ണതോതിൽ പ്രസിദ്ധീകൃതമായാൽ വിറ്റുവരവിൽ പ്രകടമായ മാറ്റമു ാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 20 വാല്യങ്ങൾ നിശ്ചയിച്ചിട്ടുള്ള മലയാള വിജ്ഞാനകോശത്തിന്റെ 15 വാല്യങ്ങൾ, 10 വാല്യങ്ങളുള്ള സാഹിത്യവിജ്ഞാകോശത്തിന്റെ 07 വാല്യങ്ങൾ എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയിട്ടു ്.

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച വിജ്ഞാനകോശ വാല്യങ്ങൾ പരിഷ്കരിച്ച് ഇറക്കുന്ന ജോലിയും ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തിട്ടു ്. 1972-ൽ ആണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ വാല്യം പുറത്തിറങ്ങിയത്. സർവവിജ്ഞാനകോശം 1, 2, 3, 6 എന്നീ വാല്യങ്ങളാണ് ഇതുവരെ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചത്.

വർഷത്തിൽ ഒരുവാല്യം എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന് സാധ്യമായിട്ടില്ല. ഇതിന് മുൻതൂക്കം നൽകണം. ഇതോടൊപ്പം ജോലിഭാരവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തിക നിലയും കണക്കിലെടുത്ത് പരിഷ്കരണ പ്രവർത്തനങ്ങളും ഏറ്റെടുക്കാവുന്നതാണ്. ഓരോ വാല്യവും പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് കാലപരിധി നിശ്ചയിക്കുന്നത് നന്നായിരിക്കും. വിജ്ഞാനകോശ വാല്യങ്ങൾ പൂർണ്ണതോതിൽ പ്രസിദ്ധീകരിച്ച് വിൽപനയ്ക്ക് സജ്ജമാക്കേ ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലനിൽപ്പിന്റെ പ്രശ്നമായി മാറിയിരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## ബി. ശുഷ്കമാകുന്ന റിവോൾവിങ് ഫ ്

റിവോൾവിങ് ഫ ് റൂൾ 6(ബി) പ്രകാരം ഗവേണിങ് ബോഡിയുടെ തീരുമാനത്തിന് വിധേയമായി ഡയറക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പള ആവശ്യങ്ങൾക്കായി റിവോൾവിങ് ഫ ിൽ നിന്ന് തുക പിൻവലിക്കാവുന്നതാണ്. പദ്ധതിയേതര ഗ്രാന്റിലെ തുക തികായാതെവരുന്ന അവസരങ്ങളിൽ മാത്രമേ ഇത്തരം പിൻവലിക്കൽ പാടുള്ളൂ. ഈ തുക മുൻകൂറായി കണക്കാക്കി പദ്ധതിഗ്രാന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മുൻകൂർ തിരിച്ചടയ്ക്കണം. എന്നാൽ മുൻകൂർ യഥാക്രമം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നു ്. ഓഡിറ്റ് കാലയളവിൽ **53,50,000** രൂപ വിവിധ ആവശ്യങ്ങൾക്കായി ഇതിൽ നിന്നും പിൻവലിച്ചു. റിവോൾവിങ് ഫ ിന്റെ സ്ഥിതി ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ട് (2009-10) പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക | : | 2,05,59,090 |
| 2010-11 കാലയളവിൽ പിൻവലിച്ച തുക | : | 53,50,000 |
| ആകെ പിൻവലിച്ചത് | : | 2,59,09,090 |
| തൻവർഷം തിരിച്ചടച്ചത് | : | 82,00,000 |
| തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക | : | 1,77,09,090 |

LOCAL FUND AUDIT DEPARTMENT

തിരിച്ചടച്ച **82** ലക്ഷം രൂപയിൽ **32,69,110** രൂപ പദ്ധതിയിനത്തിൽ ചെലവഴിക്കാതെ അവശേഷിച്ചതാണ്.

അനിയന്ത്രിതമായ പിൻവലിക്കലുകളാണ് റിവോൾവിങ് ഫ ് നേരിടുന്ന പ്രധാന വെല്ലുവിളി.

## സി. ചെലവുകൾ നിയന്ത്രിക്കണം

ശമ്പളമൊഴികെയുള്ള മറ്റു ദൈനംദിന ചെലവുകൾക്ക് ഈ ഫ ിൽ നിന്ന് കടമെടുക്കുന്നതിന് നിയന്ത്രണമു ാകണം. അടിയന്തിര ഘട്ടങ്ങളിൽ ഈ കരുതൽ ഫ ിൽ നിന്ന് കടമെടുക്കുന്ന തുക തിരിച്ചടയ്ക്കാൻ പറ്റുന്ന വിധത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങളും, മാനേജ്മെന്റ് തന്ത്രങ്ങളും അനുവർത്തിക്കേ ത് അനിവാര്യമായിത്തീർന്നിരിക്കുന്നു.

## ഡി. കടമെടുക്കുന്നതും തിരിച്ചടയ്ക്കുന്നതുമായ തുകകളുടെ വിവരം ക്രോഡീകരിക്കുന്നില്ല

നാളിതുവരെ റിവോൾവിങ് ഫ ിൽ നിന്ന് കടമെടുക്കുന്നതും തിരിച്ചടയ്ക്കുന്നതുമായ തുകകളുടെ വിവരം ഉൾക്കൊള്ളുന്ന രജിസ്റ്ററുകൾ ഇൻസ്റ്റിറ്റ്യൂട്ടിൽ സൂക്ഷിച്ചിട്ടില്ല. അടിയന്തിരമായി ഇത്തരമൊരു രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും കടമെടുക്കൽ, തിരിച്ചടവ്, നീക്കുബാക്കി, ആകെ തുക എന്നിവയുടെ വിവരങ്ങൾ നിരീക്ഷിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേ താണ്.

## ഇ. വാല്യങ്ങളുടെ വിറ്റുവരവ്

വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റുകാലയളവിൽ വിജ്ഞാനകോശ വാല്യങ്ങളുടെ വിൽപ്പന ഇനത്തിൽ **45,00,072** രൂപ സമാഹരിച്ചതായി രേഖപ്പെടുത്തിയിട്ടു ്. പുസ്തകശാലകൾ, വ്യക്തിഗത ക്രെഡിറ്റ്സെയിൽ, ആസ്ഥാന കൗ റിലെ രൊക്കം വിൽപ്പന, പുസ്തകമേളകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് വിൽപ്പന സാധ്യമാകുന്നത്. സർവവിജ്ഞാന കോശവാല്യങ്ങളുടെ വിതരണകൂലി, കയറ്റിറക്കു കൂലി എന്നിവ 2009-10 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2010-11 വർഷം നാലിരട്ടിയോളം വർദ്ധിച്ചു.

| വർഷം | ഡിസ്ട്രിബ്യൂഷൻ എക്സ്പെൻസ് | കയറ്റിറക്ക് കൂലി |
|---|---|---|
| 2009-10 | **1,79,154** | **22,500** |
| 2010-11 | **6,48,532** | **85,579** |

എന്നാൽ 2010-11 വർഷത്തിൽ വിജ്ഞാനകോശ വാല്യങ്ങളുടെ വിറ്റുവരവ് 2009-10 വർഷത്തിലേതിനേക്കാൾ **21,50,597** രൂപയുടെ വർദ്ധനവാണ് ഉ ായിട്ടുള്ളത്. വിറ്റുവരവ് ര ിരട്ടിയായിട്ടു ്.

| വിജ്ഞാനകോശ വാല്യം | വിറ്റുവരവ് |
|---|---|
| 2009-10 | **23,49,475** |
| 2010-11 | **45,00,072** |

വിജ്ഞാനകോശ വാല്യങ്ങളുടെ വിറ്റുവരവിന് ആനുപാതികമായ വർദ്ധനവല്ല വിതരണ ചെലവിനത്തിലും, കയറ്റിറക്കു കൂലിയിനത്തിലും ഉ ായിട്ടുള്ളത്. വിതരണ ചെലവും, കയറ്റിറക്കു കൂലിയിലുള്ള ചെലവും നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## എഫ്. വരവു ചെലവുകൾ

2010-11 സാമ്പത്തിക വർഷം മുന്നിരുപ്പ് ഉൾപ്പെടെ റിവോൾവിങ് ഫ ിൽ **1,93,04,784** രൂപയുടെ വരവും, **76,60,509** രൂപയുടെ ചെലവും **1,16,44,275** രൂപ നീക്കിയിരിപ്പുമുള ന്ന് ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നു.

വാർഷിക കണക്കുകൾ 17.06.2011 ൽ ലഭ്യമാക്കി. (നം.431/ഇ1/2011/എസ്.ഐ.ഇ.പി തീയതി 16.06.2011).

## 2. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

1984-85 സാമ്പത്തിക വർഷം മുതലാണ് ഇൻസ്റ്റാൾമെന്റ് അക്കൗ ്സിന് പ്രത്യേകം ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കൽ ആരംഭിച്ചത്. എസ്.ഐ.ഇ.പി (കേരള) സൊസൈറ്റി റൂൾസിലെ ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ 16(V), 16 (IV), ലോക്കൽ ഫ ് ഓഡിറ്റ് ചട്ടം 23(1) എന്നിവ പ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കാത്തതിനാൽ 1984-85 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു.

ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കി തടസ്സവാദങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണം ഉ ാകേ തു ്.

ഇതുവരെ 26 റിപ്പോർട്ടുകളാണ് തീർപ്പാക്കാൻ അവശേഷിക്കുന്നത്. ഇവയെക്കുറിച്ചുള്ള വിവരം **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## ഭാഗം-2

## നിരീക്ഷണങ്ങൾ

### 3. പുസ്തകമേളകൾ: തുക ഒടുക്കുന്നതിൽ വീഴ്ച

വിവിധ സ്ഥലങ്ങളിൽ വച്ചു നടത്തിയ പുസ്തകമേളകളിൽ വിജ്ഞാനകോശ വാല്യങ്ങളുടെ വിൽപ്പനയിലൂടെ സമാഹരിച്ച തുകകൾ യഥാസമയം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫ ിൽ ഒടുക്കിയിട്ടില്ല.

| രസീത് നമ്പർ | കളക്ഷൻ നടത്തിയ തീയതി | തുക | എക്സിബിഷൻ സ്ഥലം | ഇൻസ്റ്റിറ്റ്യൂട്ട് ഫ ിൽ ഒടുക്കുവരുത്തിയ തീയതി |
|---|---|---|---|---|
| 1086/18-1100/18 | 27.01.12-29.01.12 | **16,228** | ഇന്റർനാഷണൽ ബുക്ക് ഫെയർ, കോട്ടയം | 13.02.12 |
| 1101/19-1150/19 | 29.01.12-04.02.12 | **38,193** | ഇന്റർനാഷണൽ ബുക്ക് ഫെയർ, കോട്ടയം | 13.02.12 |
| 1201/21-1219/21 | 04.02.12-05.02.12 | **25,144** | ഇന്റർനാഷണൽ ബുക്ക് ഫെയർ, കോട്ടയം | 13.02.12 |
| 1151/20-1158/20 | 03.02.12-10.02.12 | **19,952** | സംസ്കൃത കോളേജ്, തിരുവനന്തപുരം | 15.02.12 |

LOCAL FUND AUDIT DEPARTMENT

**എ. ഉത്തരവിലെ അവ്യക്തത**

പുസ്തകമേളകൾ / ക്യാമ്പ് സംബന്ധിച്ചുള്ള ഉത്തരവുകളിലെല്ലാം അവ്യക്തതയു ്. ഓരോ ജില്ലകളിലും സംഘടിപ്പിക്കപ്പെടുന്ന പുസ്തകമേളകളിലൂടെ ലഭിക്കുന്ന തുക എത്ര ദിവസത്തിനുള്ളിൽ ഇൻസ്റ്റിറ്റ്യൂട്ട് അക്കൗ ിൽ ഒടുക്കി അഡ്വാൻസ്, റ്റി.എ, ഡി.എ സംബന്ധിച്ച കണക്കുകൾ സെറ്റിൽ ചെയ്യണമെന്നുള്ള നിർദ്ദേശം ഈ ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ: സമാന സ്വഭാവമുള്ള സ്ഥാപനങ്ങളിൽ ഇതര ജില്ലകളിൽ വച്ചുനടക്കുന്ന എക്സിബിഷനുകളിലെ പുസ്തക വിൽപന കളക്ഷൻ തുക 7 ദിവസത്തിനുള്ളിൽ ഒടുക്കി കണക്ക് സെറ്റിൽ ചെയ്യണമെന്ന നിബന്ധന ക്യാമ്പ് സംബന്ധിച്ചുള്ള ഉത്തരവിൽ ഉൾപ്പെടുത്താറു ്.

## ബി. ഓഡിറ്റിന്റെ അഭിപ്രായം

പുസ്തക മേളകൾ സംബന്ധിച്ചുള്ള ഉത്തരവുകളിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള നിബന്ധന കൂടി ഉൾപ്പെടുത്തുന്നതോടൊപ്പം കളക്ഷൻ തുകകൾ യഥാസമയം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫ ിൽ ഒടുക്കുവരുത്തി കണക്കുകൾ സെറ്റിൽ ചെയ്യുന്നുെ ന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഫൈനാൻസ് ഓഫീസർ ശ്രദ്ധിക്കേ താണ്.

## 04. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്ററുകൾ ഇല്ല - അടിയന്തിര നടപടി അനിവാര്യം.

വിവിധ എക്സിബിഷനുകൾ, ക്യാമ്പുകൾ, സ്ഥാപനത്തോട് ചേർന്ന് പ്രവർത്തിക്കുന്ന വിൽപന വിഭാഗം എന്നിവയിലൂടെയുള്ള പുസ്തക വിൽപനകളാണ് സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന വരുമാനം. പ്രസ്തുത വരുമാനം സംബന്ധിച്ച ഏറ്റവും പ്രധാന രേഖയാണ് വിൽപന രസീത് ബുക്കുകളും അവയുടെ സ്റ്റോക്ക് രജിസ്റ്ററും.

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (ഓഡിറ്റ് റിക്വിസിഷൻ നമ്പർ.01 തീയതി 12.06.12, നമ്പർ.02 തീയതി 06.07.12, നമ്പർ.03 തീയതി 23.07.12, നമ്പർ.05 തീയതി 28.08.12) ഇൻസ്റ്റിറ്റ്യൂട്ട് മറുപടി ലഭ്യമാക്കിയിട്ടില്ല.

## എ. ഓഡിറ്റിന്റെ അഭിപ്രായം

ഇൻസ്റ്റിറ്റ്യൂട്ടിലെ വിൽപന വിഭാഗം, വിവിധ എക്സിബിഷനുകൾ എന്നിവിടങ്ങളിൽ നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് വിതരണം ചെയ്യുന്ന രസീത് ബുക്കുകളുടെ വിവരത്തിന് കൃത്യത ഉറപ്പാക്കേ തു ്. ഒപ്പം രസീതുബുക്കുകളിൽ ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥന്റെ സർട്ടിഫിക്കേഷനും ആവശ്യമാണ്.

രസീത് ബുക്കുകളുടെ പ്രിന്റിങ് സംബന്ധിച്ച അപാകങ്ങൾ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടു ്. അവയും പരിഹരിക്കപ്പെടേ താണ്.

മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിന് ഫൈനാൻസ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നിവർ ശ്രദ്ധിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## ബി. രസീത് പരിശോധനയിൽ ക െ ത്തിയ മറ്റ് അപാകങ്ങൾ

രസീത് ബുക്കുകളുടെ പരിശോധനയിൽ ക െ ത്തിയ അപാകങ്ങൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന മാറ്റങ്ങൾ ശുപാർശ ചെയ്യുന്നു.

1. സാമ്പത്തിക വർഷാവസാനത്തിൽ രസീത് ബുക്കുകളിൽ അവശേഷിക്കുന്ന രസീതുകൾ റദ്ദാക്കി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.
2. സാമ്പത്തിക വർഷാരംഭത്തിൽ പുതിയ രസീതുബുക്കുകൾ ഉപയോഗപ്പെടുത്തണം.
3. ക്യാമ്പ്/എക്സിബിഷനുകൾ എന്നിവയ്ക്ക് ഉപയോഗിക്കുന്ന രസീതുകൾ വേർതിരിച്ചറിയാനായി കോഡുകളോ, മറ്റു രേഖപ്പെടുത്തലുകളോ അനുവർത്തിക്കാവുന്നതാണ്. എക്സിബിഷനുപയോഗിച്ച ബുക്കിൽ ബാക്കി വരുന്ന രസീതുകൾ വിൽപന വിഭാഗത്തിൽ ഉപയോഗിക്കാൻ പാടില്ല.
4. രസീതുബുക്കുകളുടെ എല്ലാ പുറങ്ങളിലും ചെമന്ന അക്കങ്ങളിൽ ബുക്ക് നമ്പരും, പേജ് നമ്പരും പ്രിന്റ് ചെയ്തിരിക്കേ താണ്. നിലവിൽ ബുക്ക് നമ്പർ എഴുതി ച്ചേർത്തിരിക്കുകയാണ്. ഇത് ആവർത്തിക്കാതിരിക്കുന്നതിന് മേലധികാരികൾ ശ്രദ്ധിക്കേ താണ്.

## 05. വാഹനം വാടകയ്ക്കെടുക്കൽ - ക്വട്ടേഷൻ നടപടിയിൽ അപാകങ്ങൾ

**(ഫയൽ നമ്പർ.1339/ഡി4/2010/എസ്.ഐ.ഇ.പി)**

## എ. അവശ്യവിവരം ഉൾപ്പെടുത്തിയില്ല

22.03.2010 ലെ 255/ഡി4/എസ്.ഐ.ഇ.പി നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം വിജ്ഞാനകോശ വാല്യങ്ങളുടെ 5000 കോപ്പികൾ കാസർകോട്, കണ്ണൂർ, വടകര, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, ശാസ്ത്ര സാഹിത്യ പരിഷത്ത് ഭവനുകളിലുമായി എത്തിക്കുന്നതിന് ഗുഡ്സ് ഡെലിവറി ടെമ്പോ വാൻ വാടകയ്ക്ക് ആവശ്യമു ന്ന് അറിയിച്ചിരുന്നു. നോട്ടീസിൽ ഒരു വാല്യത്തിന് 2 കിലോയോളം ഭാരമു ാകുമെന്നും പറഞ്ഞിട്ടു ്. വാഹനം ആവശ്യമായ കാലവളവോ, വാല്യങ്ങൾ എത്തിക്കേ (ഒരുമിച്ച്/ഖണ്ഡശ്ശ) വിധമോ, കയറ്റേ ഭാരത്തിന്റെ അളവോ പറഞ്ഞിരുന്നില്ല.

LOCAL FUND AUDIT DEPARTMENT

ക്വട്ടേഷൻ നോട്ടീസിൽ അപേക്ഷ സമർപ്പിക്കാൻ വച്ചിരുന്ന സമയപരിധി അവസാനിക്കുന്ന 30.04.2010 ൽ മൂന്ന് ക്വട്ടേഷനുകൾ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചു. ഇവ മൂന്നും സീൽഡ് കവറിലല്ല സമർപ്പിച്ചിട്ടുള്ളത്. ര ് ക്വട്ടേഷനുകൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ഓഫീസ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളക്കടലാസിലാണ് എഴുതിനൽകിയിരിക്കുന്നത്. മൂന്നാമത്തേത് വെള്ളക്കളടാസിൽ ടൈപ്പ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്. മൂന്ന് ക്വട്ടേഷനുകളിലും വാഹനത്തിന്റെ രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ, അനുബന്ധരേഖകൾ എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല.

**<u>ബി. ഭരണസമിതി/സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരമില്ല</u>**

ഏറ്റയും കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയ ശ്രീ.എ.റ്റി.ജോർജ്ജ്, ഷൈൻസ്, ചുള്ളിമാനൂർ, നെടുമങ്ങാട് എന്നയാളിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണിച്ചുകൊ ് 31.05.2010 ൽ നമ്പർ.255/ഡി4/2010/എസ്.ഐ.ഇ.പി കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഒപ്പുവച്ച അറിയിപ്പ് നൽകി. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ഇതിനു ലഭ്യമാക്കിയോ എന്നു വ്യക്തമല്ല. ക്വട്ടേഷൻ നടപടികൾ ആരംഭിച്ചതും ഇവയുടെ അനുവാദത്തോടെയാണോ എന്ന് വ്യക്തമല്ല. ഇതുസംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

**<u>സി. കൈയൊപ്പുകൾ വ്യത്യാസം</u>**

അറിയിപ്പ് കിട്ടി മൂന്നു ദിവസത്തിനകം കരാർ തയ്യാറാക്കണമെന്ന് 31.05.2010 ൽ അറിയിച്ചതനുസരിച്ച് 28.06.2010-ൽ ശ്രീ.എ.റ്റി.ജോർജ്ജ് എഗ്രിമെന്റിൽ ഏർപ്പെടുകയായിരുന്നു. എഗ്രിമെന്റ് ആവശ്യത്തിന് 100 രൂപ മുദ്രപ്പത്രം മറ്റൊരാളുടെ പേരിലാണ് വാങ്ങിയിരിക്കുന്നത്. 28.06.2010 മുതൽ 6 മാസക്കാലയളവു പറഞ്ഞിട്ടുള്ള ഈ എഗ്രിമെന്റിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ പ്രതിനിധീകരിച്ച് ഡയറക്ടറോ, അദ്ദേഹത്തിനുവേ ി മറ്റാരെങ്കിലുമോ ഒപ്പുവച്ചിട്ടില്ല. ക്വട്ടേഷൻ പേപ്പറിലും കരാറിലും ശ്രീ.എ.റ്റി.ജോർജ്ജിന്റെ കയ്യൊപ്പുകൾ വ്യത്യസ്തമാണ്. (പേജ്.07, 27 സി.ഡി)

LOCAL FUND AUDIT DEPARTMENT

## ഡി. തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

27.12.2010 ൽ എഗ്രിമെന്റ് അവസാനിച്ചെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്ന് തുടർ നടപടികൾ സ്വീകരിച്ചുക ില്ല. അടുത്ത ക്വട്ടേഷൻ ക്ഷണിച്ച് കരാറിലേർപ്പെടുന്നത് 03.08.2011 ൽ മാത്രമാണ്. ഇക്കാലയളവിലും വാല്യങ്ങൾ എത്തിച്ചത് ശ്രീ.എ.റ്റി.ജോർജ്ജിന്റെ ഉടമസ്ഥതയിലുള്ള KL-01-AE-1317 നമ്പർ വാഹനത്തിലാണ്. മുൻ കരാർ പ്രകാരം വാടകയ്ക്കു ലഭ്യമാക്കിയ KL-01-AE-1317 രജിസ്ട്രേഷൻ നമ്പരിലുള്ള വാഹനത്തിന്റെ ഉടമയാണ് ഈ കരാറും നേടിയിട്ടുള്ളത്. (പേജ് നമ്പർ.509). മുൻ കരാർ പ്രകാരം ഈ വാഹനത്തിന്റെ ഉടമസ്ഥൻ ശ്രീ.എ.റ്റി.ജോർജ്ജ് ആയിരുന്നെങ്കിൽ ഇക്കുറി ശ്രീമതി.ഷീലാ മാർഗരറ്റാണ് ഇതിന്റെ ഉടമസ്ഥ എന്ന് അവകാശപ്പെട്ടിട്ടുള്ളത്.

വിജ്ഞാനകോശ വാല്യങ്ങളുടെ 5000 കോപ്പികൾ ഏതാനും ജില്ലകളിലെ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്നതിന് വേ ിമാത്രം വാടകയ്ക്കെടുത്ത വാഹനത്തിൽ 2010-11 കാലയളവിൽ 27360 കോപ്പികൾ കേരളത്തിലെ വിവിധ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ (പേജ് 47, 87, 95, 139, 181, 211, 235, 275, 301, 321, 347, 375 എന്നിവകളിലെ ഉത്തരവുകൾ) എത്തിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടു ്.

ഏറെ അപാകങ്ങൾ ഉള്ള ഈ കരാർ വിശ്വാസ്യയോഗ്യമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതലും ഭരണസമിതി, ഡയറക്ടർ എന്നിവർ സ്വീകരിക്കേ താണ്.

## ഇ. കരാറിൽ വിട്ടുപോയത്

KL-01-AE-1317 എന്ന രജിസ്റ്റർ നമ്പരുള്ള വാഹനത്തിന്റെ ഉടമ ഡീസൽ ചാർജ് ഉൾപ്പെടെ **4,500** രൂപയാണ് ഒരു ദിവസത്തേയ്ക്ക് വാടകയായി ക്വട്ടേഷനിൽ രേഖപ്പെടുത്തിയത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യം തിട്ടപ്പെടുത്താതെ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഇത് അംഗീകരിക്കുകയായിരുന്നു.

ഒരു ദിവസം സഞ്ചരിക്കേ ുന്ന ഏകദേശ ദൂരത്തെക്കുറിച്ച് ധാരണയില്ലാതിരുന്നതിനാൽ വാഹന ഉടമ/ഡ്രൈവർ യഥേഷ്ടം ഈ സൗകര്യം ഉപയോഗിച്ചു. മലപ്പുറം, കോഴിക്കോട്, വ ൂർ, തിരൂർ എന്നിവിടങ്ങളിൽ പോയി വന്നതിന് 04 ദിവസവും - തലശ്ശേരി, കണ്ണൂർ, കാസർകോഡ് എന്നിവിടങ്ങളിൽ പോയി വന്നതിന് 06 ദിവസവുമാണ്

LOCAL FUND AUDIT DEPARTMENT

ഉപയോഗപ്പെടുത്തിയത്. ചേർത്തല, എറണാകുളം, കോതമംഗലം യാത്രയ്ക്ക് 03 ദിവസവും വേ ിവന്നു. കോട്ടയം, കടുതുരുത്തി, കാഞ്ഞിരപ്പള്ളി യാത്ര പൂർത്തിയായതും 03 ദിവസം കൊ ാണ്.

2010-11 വർഷത്തിൽ **1,62,000** രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടു ്. (വൗച്ചർ നം.82, 92, 111, 112, 128-ബി, 172, 274-എ, 267, 275).

## എഫ്. ഓഡിറ്റിന്റെ ശുപാർശകൾ

മേൽപ്പറഞ്ഞ അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേ താണ്. ഇതോടൊപ്പം ഭരണസമിതി/സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം തേടാതിരിക്കുന്നതിനും, തുടർ നടപടികൾ കാലോചിതമായി സ്വീകരിക്കാതിരിക്കുന്നതിനും തൃപ്തികരമായ മറുപടി നൽകേ താണ്.

വാല്യങ്ങൾ വിവിധ വിദ്യാഭ്യാസ ജില്ലകളിൽ എത്തിക്കുന്നതിനുള്ള തുക റിവോൾവിങ് ഫ ിൽ നിന്ന് പിൻവലിച്ചിരിക്കുന്നു. എന്നാൽ റിവോൾവിങ് ഫ ് റൂൾസിൽ ഇത്തരത്തിലൊരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലെ ചെലവിനങ്ങൾക്കു തുക റിവോൾവിങ് ഫ ിൽ നിന്ന് പിൻവലിക്കാതിരിക്കാനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം.

## 06. വിജ്ഞാനകോശ വാല്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നില്ല

2011 മാർച്ച് 31 വരെ മലയാള വിജ്ഞാനകോശത്തിന്റെ 15 വാല്യങ്ങൾ, സാഹിത്യവിജ്ഞാനകോശം 07 വാല്യങ്ങൾ, ജ്യോതിശാസ്ത്രവിജ്ഞാനകോശം, പരിണാമവിജ്ഞാനകോശം, പരിസ്ഥിതി വിജ്ഞാനകോശം, വാർഷികവിജ്ഞാനകോശം എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടു ്. ഇവയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ നാളിതുവരെ കൃത്യമായി സൂക്ഷിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടില്ല.

LOCAL FUND AUDIT DEPARTMENT

## എ. പ്രിന്റ് ചെയ്ത വാല്യങ്ങളെക്കുറിച്ചും ചെലവാക്കിയ തുകയെക്കുറിച്ചും അറിവില്ല.

ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ പ്രസിദ്ധീകരിച്ച (പുന:പ്രസിദ്ധീകരണം, പരിഷ്കരണം എന്നിവയുൾപ്പെടെ) വാല്യങ്ങളെക്കുറിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ഇതിനായി ചെലവാക്കിയ തുകയെക്കുറിച്ചും അറിവില്ല. എസ്.ഐ.ഇ.പി സ്പെഷ്യൽ റൂൾസ് 6(എ) പ്രകാരം പുന:പ്രസിദ്ധീകരണ ചെലവുകൾ റിവോൾവിങ് ഫ ിൽ നിന്നും വഹിക്കാവുന്നതാണ്. ഇത്തരത്തിൽ പ്രസിദ്ധീകരിച്ച വാല്യങ്ങൾ, അവയുടെ എണ്ണം, ചെലവാക്കിയ തുക എന്നീ വിവരങ്ങൾ ആരാഞ്ഞിട്ടും (ഓഡിറ്റ് റിക്വിസിഷൻ നം.14) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ആവശ്യത്തിലേക്കായി വാങ്ങിയ പ്രിന്റിങ്/ആർട്ട് പേപ്പറുകളുടെ വിവരവും, തുകയും അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇക്കാര്യങ്ങൾ അറിയിച്ചിട്ടില്ല. ഇതു സംബന്ധിച്ച രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലൊരു രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഡയറക്ടർ കൈക്കൊള്ളണം.

## ബി. സ്റ്റോക്ക് രജിസ്റ്ററുകളിൽ അപാകങ്ങൾ

എസ്.ഐ.ഇ.പി റൂൾ VII(47) പ്രകാരം പ്രിന്റ് ചെയ്യപ്പെടുന്ന വിജ്ഞാനകോശ വാല്യങ്ങൾ പൂർണ്ണമായും സ്റ്റോക്കിൽ വരവു വച്ചതിനുശേഷം മാത്രമേ വിതരണത്തിന് സജ്ജമാക്കാൻ പാടുള്ളൂ. മുൻ റിപ്പോർട്ടിൽ ഇക്കാര്യം പ്രതിപാദിച്ചിട്ടുള്ളതാണ്. ഈ അപാകം ഓഡിറ്റ് വർഷവും തുടരുന്നു. ഖണ്ഡശ്ശയായി വരവുവയ്ക്കുന്ന വിജ്ഞാനകോശ വാല്യങ്ങൾ ഏറ്റെടുത്തതായി ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻ കാലങ്ങളിൽ ഗോഡൗൺ സൗകര്യമില്ലെന്ന കാരണത്താലാണ് വാല്യങ്ങൾ പ്രസിൽത്തന്നെ സൂക്ഷിച്ചുപോന്നതെന്ന് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിട്ടുള്ളത്. 01/2011 മുതൽ ഗോഡൗൺ സൗകര്യം ലഭ്യമാക്കിയിട്ടുള്ളതിനാൽ ഈ പോരായ്മ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## സി. ഒരേ വാല്യത്തിന്റെ പകർപ്പുകൾ ഒരു സമയം വ്യത്യസ്ത പ്രസുകളിൽ നിന്ന്

സർവവിജ്ഞാനകോശം 13-ാം വാല്യത്തിന്റെ കാര്യം പരിശോധിച്ചാൽ

| വാല്യങ്ങൾ ലഭ്യമാക്കിയ തീയതി | വാല്യങ്ങളുടെ എണ്ണം | വാല്യങ്ങൾ എത്തിച്ച പ്രസിന്റെ പേരു വിവരം |
|---|---|---|
| 22.04.2010 | 200 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 12.07.2010 | 530 | സെന്റ് ജോസഫ് പ്രസ്. തിരവനന്തപുരം |
| 20.07.2010 | 500 | സെന്റ് ജോസഫ് പ്രസ്. തിരവനന്തപുരം |
| 17.08.2010 | 50 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 05.10.2010 | 79 | എസ്.ബി.പ്രസ്, തിരുവനന്തപുരം |

തുടർന്ന് 14.03.2012 വരെ എസ്.ബി.പ്രസിൽ നിന്നും കൈപ്പറ്റിയ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടു ്. അതിനുശേഷമുള്ള റിസീപ്റ്റ്സ്/സെയിൽസ് വിവരങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അടിയന്തിരമായി ഈ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേ താണ്. മേൽ കാലയളവിലെ ടെ ർ നടപടി ഫയലുകൾ, വർക്ക് ഓർഡർ, എഗ്രിമെന്റ് എന്നിവയിൽ 13-ാം വാല്യത്തിന്റെ പ്രിന്റിങ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളത് മെസേഴ്സ് എസ്.ബി.പ്രസ്, തിരുവനന്തപുരമാണ്. (ഉത്തരവ് നം.84/ഇ2/05/എസ്.ഐ.ഇ.പി തീയതി 22.06.2005, നം.147/ഇ2/08/എസ്.ഐ.ഇ.പി തീയതി 19.11.2008). ഓരോ തവണയും 5000 കോപ്പികൾ വീതമാണ് അച്ചടിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ഈ അവസ്ഥയിൽ ഒരേ കാലവളവിൽ ര ു പ്രസുകളിൽ നിന്ന് വാല്യങ്ങൾ കൈപ്പറ്റാനു ായ സാഹചര്യം വിശദമാക്കണം. ഇതോടൊപ്പം ഈ പ്രസിദ്ധീകരണങ്ങൾ ഏറ്റുവാങ്ങിയ വിവരങ്ങളും ലഭ്യമാക്കണം. (പ്രസിൽ നിന്ന് എത്ര വാല്യങ്ങൾ ലഭ്യമാക്കി? അവശേഷിക്കുന്നതെത്ര?).

സ്റ്റോക്കിൽ 50 വാല്യങ്ങളുടെ കുറവ് വന്നിട്ടു ്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണം. വാല്യങ്ങൾ ക ത്താനായില്ലെങ്കിൽ ഇതിന്റെ വിലയായ **25,000** രൂപ (500 X 50) ഈടാക്കണം. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡെവലപ്മെന്റ് ഓഫീസർ, സെയിൽസ് ഓഫീസർ എന്നിവർ ഇതിന് ഉത്തരവാദികളാണ്.

LOCAL FUND AUDIT DEPARTMENT

## ഡി. നാമമാത്രമായി വാല്യങ്ങൾ ലഭ്യമാക്കുന്നു

പലപ്പോഴും 100 ൽ താഴെ മാത്രമായും വാല്യങ്ങൾ ലഭ്യമാക്കിയിട്ടു ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാല്യങ്ങൾ ലഭ്യമാക്കിയ തീയതി | വാല്യം | എണ്ണം | വാല്യങ്ങൾ ലഭ്യമാക്കിയ പ്രസ് |
|---|---|---|---|
| 04.03.2011 | VI | 03 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 04.03.2011 | VI | 05 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 26.09.2011 | VII | 50 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 20.09.2011 | X | 11 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 22.09.2011 | X | 50 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 17.08.2010 | XIII | 50 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 02.05.2011 | XIII | 50 | എസ്.ബി.പ്രസ്, തിരുവനന്തപുരം |
| 05.01.2011 | XV | 50 | സെന്റ് ജോസഫ് പ്രസ്, തിരുവനന്തപുരം |
| 02.05.2011 | XV | 50 | സെന്റ് ജോസഫ് പ്രസ്, തിരുവനന്തപുരം |
| 27.06.2011 | XV | 50 | സെന്റ് ജോസഫ് പ്രസ്, തിരുവനന്തപുരം |

LOCAL FUND AUDIT DEPARTMENT

മുദ്രണം ചെയ്യപ്പെടുന്ന വാല്യങ്ങൾ പൂർണ്ണമായും സ്റ്റോക്കിലെടുത്ത ശേഷം സൂക്ഷിക്കുന്നതിന് 01.01.2011 മുതൽ ഗോഡൗൺ സൗകര്യം ലഭ്യമായിരുന്നിട്ടും ഇങ്ങനെ സംഭവിക്കുന്നതെന്തുകൊ ന്ന് ഓഡിറ്റിനെ അറിയിക്കണം.

എസ്.ഐ.ഇ.പി ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ 20(VI) പ്രകാരം തുക അനുവദിക്കുന്നതിന് മുൻപ് സാധനങ്ങൾ കേടുപാടുകൾ ഇല്ലാതെ പൂർണ്ണതോതിൽ സ്റ്റോക്കിൽ എടുത്ത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഇക്കാര്യം സാക്ഷ്യപ്പെടുത്തണം. കോടികൾ ചെലവാക്കി പ്രിന്റ് ചെയ്യപ്പെടുന്ന വിജ്ഞാനകോശ വാല്യങ്ങളുടെ കാര്യത്തിൽ നാളിതുവരെ ഇത് പാലിച്ചിട്ടില്ല. വാല്യങ്ങൾ പൂർണ്ണതോതിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ച ശേഷം മാത്രമേ ഭാവിയിൽ പ്രിന്റിങ് ചാർജ് അനുവദിക്കാൻ പാടുള്ളൂ. ഇക്കാര്യം ഭരണസമിതിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഇ. സ്റ്റോക്കിന്റെ വാർഷിക പരിശോധന അനിവാര്യം

എസ്.ഐ.ഇ.പി ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ 44(II) പ്രകാരം സ്റ്റോക്കുകൾ പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നിശ്ചിത കാലയളവുകളിൽ സ്റ്റോക്കുവിവരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്നു ്. ഇത് സാധ്യമാവാത്തപക്ഷം വർഷത്തിൽ ഒരിക്കലെങ്കിലും ഈ കൃത്യം നിർവ്വഹിച്ചിരിക്കണം എന്നാണ്. ജി.ഒ.(എം.എസ്). 37/89/സി.എ.ഡി നമ്പർ പ്രകാരം ഇക്കാര്യങ്ങൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിൽ നിക്ഷിപ്തമാണ്. കാലാകാലങ്ങളിൽ ഇത് പരിപാലിക്കപ്പെടുന്നു ന്ന് ഡയറക്ടർ ഉറപ്പുവരുത്തേ താണ്.

## എഫ്. ഓഡിറ്റിന്റെ ശുപാർശകൾ

വിജ്ഞാനകോശ വാല്യങ്ങളുടെ പ്രിന്റിങ് ചാർജ് അനുവദിക്കുന്നതിന് മുൻപേ വാല്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗോഡൗണിൽ എത്തിച്ച് ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ 20 (VI) പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കേ താണ്.

നാളിതുവരെ പ്രിന്റ് ചെയ്ത വാല്യങ്ങളുടെ വിവരം (ഇനം തിരിച്ച്), അവയ്ക്ക് ചെലവായ തുക (പരിഷ്കരണം, പുന:പ്രസിദ്ധീകരണം), എണ്ണം എന്നിവയുടെ കൃത്യമാർന്ന കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളണം.

പ്രിന്റിങ് പ്രസിൽ നിന്ന് ഖണ്ഡശ്ശയായി കൊ ുവന്നിട്ടുള്ള വാല്യങ്ങൾ പൂർണ്ണതോതിൽ (എണ്ണം) ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടു ന്ന് ഉറപ്പുവരുത്തേ താണ്.

## 07. വിതരണ ഉത്തരവിനനുസൃതമായി വാല്യങ്ങൾ വിതരണം ചെയ്യണം

## എ. സ്റ്റോക്ക് രജിസ്റ്റർ – അപാകം പരിഹരിക്കണം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ജില്ലാ ഓഫീസുകളിൽ 1339/ഡി4/98/എസ്.ഐ.ഇ.പി നമ്പർ ഉത്തരവുപ്രകാരം അയയ്ക്കപ്പെടുന്ന വിജ്ഞാനകോശ വാല്യങ്ങളുടെ എണ്ണം, സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റു രസീത് എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള എണ്ണവുമായി പൊരുത്തപ്പെടുന്നില്ല.

LOCAL FUND AUDIT DEPARTMENT

## ബി. വിതരണം ചെയ്തിട്ടില്ലാത്ത വാല്യങ്ങളുടെ വിവരം സൂക്ഷിക്കണം

മേൽ ഉത്തരവ് പ്രകാരം ഓരോ വിദ്യാഭ്യാസ ജില്ല/ഉപജില്ല ഓഫീസുകളിൽ എത്തിക്കേ ുന്ന വാല്യങ്ങൾ യഥാസമയം സ്റ്റോക്കിൽ കുറവുചെയ്തിട്ടില്ല. പലപ്പോഴും ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ കുറവ് വാല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ കുറവുവന്ന വാല്യങ്ങൾ പിന്നീടെപ്പൊഴെങ്കിലും പ്രസ്തുത ഓഫീസുകളിൽ എത്തിച്ചിട്ടുേ ായെന്ന വിവരം എങ്ങും രേഖപ്പെടുത്തിക്കാണുന്നില്ല. 19.07.2010 ലെ 83/10-11 നമ്പർ വൗച്ചറിലുൾപ്പെടുത്തിയിരിക്കുന്ന വിതരണ ഉത്തരവിൽ കോഴിക്കോട് ഡി.ഇ. ഓഫീസിൽ 670 വാല്യങ്ങൾ എത്തിക്കുന്നുവെന്നാണ്. എന്നാൽ ഒറ്റ വാല്യം പോലും അവിടെ എത്തിച്ചതിനുള്ള തെളിവുകൾ വൗച്ചറിൽ ഉൾപ്പെടുത്തിയിട്ടില്ല.

## സി. കൈപ്പറ്റു രസീതിലെ പൊരുത്തക്കേടുകൾ പരിഹരിക്കണം

വിതരണം ചെയ്യപ്പെട്ടിടത്തുനിന്നുള്ള കൈപ്പറ്റു രസീതുകളിലും അപാകങ്ങൾ നിലനിൽക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ കൈപ്പറ്റുരസീതിലും അതേ ഓഫീസിൽ ഇറക്കുകൂലിയിനത്തിൽ ചുമട്ടുതൊഴിലാളികൾ നൽകിയിട്ടുള്ള രസീതിലും വാല്യങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണമായി വൗച്ചർ നമ്പർ 112/10-11 പ്രകാരം വ ൂർ ഡി.ഇ. ഓഫീസിൽ 523 വാല്യങ്ങൾ ഇറക്കിയതിനുള്ള കൂലി നൽകിയിരിക്കുന്നു. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ കൈപ്പറ്റു രസീതിൽ 423 വാല്യങ്ങൾ മാത്രമേ ഏറ്റെടുത്തതായി കാണിച്ചിട്ടുള്ളൂ. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ വിതരണ ഉത്തരവ് പ്രകാരം ഇവിടെ എത്തിക്കേ ത് 555 വാല്യങ്ങളുമാണ്.

LOCAL FUND AUDIT DEPARTMENT

## ഡി. വിജ്ഞാനകോശ വാല്യങ്ങളുടെ വിതരണത്തിൽ സംഭവിച്ചിട്ടുള്ള കുറവ്, കൈപ്പറ്റ് രസീതിലെ അപാകം എന്നിവ ഒരു പട്ടികയായി ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വൗച്ചർ നം. തീയതി | ഡി.ഇ ഓഫീസിന്റെ പേര് | ലഭ്യമാക്കേ ുന്ന വാല്യം | ലഭ്യമാക്കിയ വാല്യം | കുറവു വന്ന വാല്യം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 83/10-11 19.07.10 | കോഴിക്കോട് | 670 | - | 670 | കൈപ്പറ്റ് രസീത് വിവരം ലഭ്യമല്ല |
| 2 | 103, 112/10-11 02.08.10 | തലശേരി | 1260 | 1254 | 06 | ഡി.ഇ ഓഫീസിൽ നിന്നുള്ള കൈപ്പറ്റു രസീത് |

| | | | | | | |
|---|---|---|---|---|---|---|
| | 10.08.10 | | | | | പ്രകാരം |
| | | കോഴിക്കോട് | 670 | 397 | 273 | കൈപ്പറ്റ് രസീത് ലഭ്യമല്ല. ഇറക്കുകൂലി കൈപ്പറ്റ് രസീത് പ്രകാരം |
| | | വ  ൂർ | 555 | 423 | 132 | ഡി.ഇ ഓഫീസിൽ നിന്നുള്ള കൈപ്പറ്റു രസീത് പ്രകാരം (കൂലി നൽകിയത് 523 വാല്യങ്ങൾ ഇറക്കിയതിനാണ്) |
| 03 | 128-A/10-11 06.09.10 | മലപ്പുറം | 1376 | 1204 | 172 | ഡി.ഇ ഓഫീസിൽ നിന്നുള്ള കൈപ്പറ്റു രസീത് പ്രകാരം |
| 04 | 128-B/10-11 06.09.10 | ഇരിങ്ങാലക്കുട | 1050 | 1013 | 37 | ഡി.ഇ ഓഫീസിൽ നിന്നുള്ള കൈപ്പറ്റു രസീത് പ്രകാരം |
| 05 | 172/11-12 01.11.10 | ആലുവ | 736 | 634 | 102 | ഡി.ഇ ഓഫീസിൽ നിന്നുള്ള കൈപ്പറ്റു രസീത് ലഭ്യമല്ല. (ചുമട്ടുകൂലി കൈപ്പറ്റു രസീത് പ്രകാരമുള്ള എണ്ണം) |
| 06 | 275-A/10-1 1 17.02.11 | എറണാകുളം | 1320 | 1155 | 165 | |
| | | ചേർത്തല | 490 | 420 | 70 | |
| | | കോതമംഗലം | 322 | 276 | 46 | |

LOCAL FUND AUDIT DEPARTMENT

പട്ടികയിൽ പറയും പ്രകാരം കുറവുകൾ സംഭവിക്കാനു ായ സാഹചര്യം ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ നിന്ന് ക ത്താനായിട്ടില്ല. ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് നൽകുന്നതോടൊപ്പം ഇതാവർത്തിക്കാതിരിക്കാനുള്ള നടപടിയും സ്വീകരിക്കേ താണ്. അല്ലാത്ത പക്ഷം ഇവ ഡെവലപ്മെന്റ് ഓഫീസർ, സെയിൽസ് ഓഫീസർ എന്നിവരുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

## ഇ. വൗച്ചറുകൾ തയ്യാറാക്കുന്നതിൽ അശ്രദ്ധ

വൗച്ചറുകൾ ക്രമീകരിക്കുന്നതിൽ അപാകങ്ങൾ നിലനിൽക്കുന്നതിനാൽ സർവവിജ്ഞാനകോശ വാല്യങ്ങളുടെ വിതരണം സംബന്ധിച്ച കണക്കുകൾ പൊരുത്തപ്പെടുത്താൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. വൗച്ചറുകൾ തയ്യാറാക്കുമ്പോൾ അഡ്വാൻസ്, വാല്യങ്ങളുടെ വിതരണനടപടി ഉത്തരവുകൾ, കയറ്റിറക്കു കൂലി, വ ി വാടക, കൈപ്പറ്റ് രസീതുകൾ, അഡ്ജസ്റ്റ്മെന്റ് രേഖകൾ, മറ്റനുബന്ധ രസീതുകൾ എന്നിവ ഒന്നിച്ചാക്കാൻ ശ്രദ്ധിക്കണം.

വാല്യങ്ങളുടെ വിതരണം സംബന്ധിച്ച് ചുവടെപ്പറയുന്ന ശുപാർശകൾ ഓഡിറ്റ് മുന്നോട്ട് വയ്ക്കുന്നു.

- ☞ ഒരു ഉത്തരവ് പ്രകാരം വിതരണം ചെയ്യാൻ കഴിയാതെ വരുന്ന വാല്യങ്ങളുടെയും ഡി.ഇ ഓഫീസുകളുടെയും വിവരം കൂടി ഉൾപ്പെടുത്തിയാകണം അടുത്ത വിതരണ ഉത്തരവ് തയ്യാറാക്കേ ത്.
- ☞ ഡി.ഇ ഓഫീസിൽ നിന്ന് നിർബന്ധമായും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേ തും, പരിശോധനയ്ക്ക് ലഭ്യമാക്കേ തുമാണ്.
- ☞ ഒരു യാത്രയിൽ സാദ്ധ്യമാവുന്നിടത്തോളം വാല്യങ്ങൾ വിതരണം ചെയ്യാൻ ശ്രദ്ധിക്കുക. വിതരണ നടപടികൾ തദനുസൃതമായി ക്രമീകരിക്കാൻ ശ്രദ്ധിക്കേ താണ്.

## 08.വിതരണത്തിനായി വാല്യങ്ങൾ ഏറ്റെടുക്കുമ്പോൾത്തന്നെ സ്റ്റോക്കിൽ കുറവുചെയ്യണം

LOCAL FUND AUDIT DEPARTMENT

കേരളത്തിലെ വിവിധ വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നതിനായി വിജ്ഞാനകോശ വാല്യങ്ങൾ ഏറ്റെടുക്കുമ്പോൾത്തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ കുറവുചെയ്യേ താണ്. യഥാസമയം കുറവു രേഖപ്പെടുത്താതിരിക്കുന്നത് ആശയക്കുഴപ്പം ഉ ാക്കുന്നു. പരിശോധനയിൽ ക ത്തിയ ഇത്തരം അപാകങ്ങൾ ചുവടെപ്പറയുന്നു.

- ☞ 28.06.2010 ലെ 1339/ഡി4/98/എസ്.ഐ.ഇ.പി നടപടി പ്രകാരം 13, 14 എന്നീ വാല്യങ്ങളുടെ 210 കോപ്പികൾ വീതം തലശേരി ഡി.ഇ.ഒ യിൽ നൽകുന്നതിന്

ഏർപ്പാടാക്കി. ഇതോടൊപ്പം ജ്യോതിശാസ്ത്രം, പരിണാമം എന്നീ വിജ്ഞാനകോശ വാല്യങ്ങളും ഉൾപ്പെടുത്തിയിട്ടു ്.

ഈ വാല്യങ്ങൾ ലോഡ് ചെയ്യുന്നതിന് 28.06.2010 ൽ കൂലി നൽകിയിരിക്കുന്നു (വൗച്ചർ നമ്പർ.69, 82). പക്ഷേ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 13, 14 എന്നീ വാല്യങ്ങൾ 29-ാം തീയതിയാണ് നൽകിയിട്ടുള്ളത്. ജ്യോതിശാസ്ത്രം, പരിണാമം എന്നീ വിജ്ഞാനകോശ വാല്യങ്ങൾ വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നത് 30.06.2010 ൽ ആണ്. 29.06.2010, 30.06.2010 തീയതികളിൽ ഏറ്റെടുത്ത വാല്യങ്ങൾ 28.06.2010 ൽ ലോഡ് ചെയ്തതെങ്ങനെയെന്ന് ഓഡിറ്റിനെ അറിയിക്കേ താണ്.

- വടകര, കോഴിക്കോട്, തലശേരി എന്നീ ഡി.ഇ.ഒ യിലേക്കുള്ള വാല്യങ്ങൾ 12.07.2010 ന് ഏറ്റെടുത്ത് വ യിൽ കയറ്റിയിട്ടുള്ളതായും (വൗച്ചർ നം.83, 92) 14.07.2010, 15.07.2010 തീയതികളിൽ ഇവ പ്രസ്തുത ഓഫീസുകളിൽ ഏൽപ്പിച്ചിട്ടുള്ളതായും വൗച്ചറുകളിലെ അനുബന്ധരേഖകൾ പരിശോധിച്ചതിൽ വ്യക്തമായി. ഈ വാല്യങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണത്തിന് നൽകിയിട്ടുള്ളത് 19.07.2010, 06.08.2010 എന്നീ തീയതികളിലാണ്. സെയിൽസ് വിഭാഗം ഓഫീസിൽ സൂക്ഷിക്കപ്പെടുന്ന രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളിലും ഓഡിറ്റിന് ഹാജരാക്കപ്പെടുന്ന വൗച്ചറുകളിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. സെയിൽസ് വിഭാഗം പ്രവർത്തിക്കുന്നത് ഡെവലപ്മെന്റ് ഓഫീസറുടെ മേൽനോട്ടത്തിലാണ്. വൗച്ചറുകളിലെ തുക അനുവദിച്ചതാകട്ടെ ഫൈനാൻസ് ഓഫീസറും.

- വൗച്ചർ നം.69 പ്രകാരം 12.07.2010 ൽ വിജ്ഞാനകോശ വാല്യങ്ങൾ അയയ്ക്കുന്നതായി മേൽ നമ്പർ നടപടിയിൽ കാണിച്ചിട്ടു ്. അനുബന്ധരേഖകളും തദനുസൃതമായി ശരിയാക്കിയിട്ടു ്. സ്റ്റോക്ക് രജിസ്റ്ററിൽ ഈ വാല്യങ്ങൾ 19.07.2010 ൽ മാത്രമാണ് വിതരണം ചെയ്തതായി കാണിച്ചിട്ടുള്ളത്.

- വൗച്ചർ നം.93, 111 എന്നിവ പ്രകാരം വാല്യങ്ങൾ 20.07.2010 ൽ വാഹനത്തിൽ ലോഡ് ചെയ്യുകയും 22.07.2010, 23.07.2010 എന്നീ തീയതികളിൽ ഇവ യഥാക്രമം താമരശേരി, വയനാട് എന്നിവിടങ്ങളിൽ എത്തിച്ചിട്ടു ്. സ്റ്റോക്ക് രജിസ്റ്ററുകളിൽ

LOCAL FUND AUDIT DEPARTMENT

തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത് 24.07.2010 ൽ മാത്രമാണ്.

**ഓഡിറ്റ് ശുപാർശകൾ**

- സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചുറപ്പാക്കിയതിനു ശേഷം മാത്രം വൗച്ചറുകൾ പാസാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം
- സ്റ്റോക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ യഥാസമയം നിർവ്വഹിക്കുന്നുെ ന്ന് ഉറപ്പുവരുത്തണം

LOCAL FUND AUDIT DEPARTMENT

## ൦൯. സാമ്പത്തിക നില

ക്യാഷ് ബുക്കും, ട്രഷറി/ബാങ്ക് നീക്കിയിരിപ്പുകളും തമ്മിൽ പൊരുത്തപ്പെടുത്താത്തതിനാൽ 2008-2009 സാമ്പത്തിക വർഷത്തിൽ നിലനിന്നിരുന്ന വ്യത്യാസം തൻ വർഷവും തുടരുന്നു. ഓഡിറ്റ് ക ത്തലുകൾ പ്രകാരമുള്ള വ്യത്യാസം, ക്യാഷ് ബുക്കും, ട്രഷറി/ബാങ്ക് ബാലൻസുമായി യഥാവസരം പൊരുത്തപ്പെടുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്നുള്ള ഓഡിറ്റ് നിർദ്ദേശം പാലിക്കാത്തതിനാൽ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവ് കണക്കുകളും, ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളും തമ്മിലുള്ള അന്തരം പ്രതിവർഷം വർദ്ധിച്ചുവരികയാണ്. റീകൺസിലിയേഷനിലൂടെ അതാതു വർഷം പരിഹരിക്കാൻ സാധിക്കുമായിരുന്ന വ്യത്യാസം കാലവിളംബത്താൽ അപരിഹാര്യമായി മാറിക്കൊ ിരിക്കുന്നു.

### 2010 – 2011

| | |
|---|---|
| 2010 - 2011 ലെ മുന്നിരുപ്പ് | 65,84,712 |
| വരവ് | 1,27,20,072 |
| ആകെ | 1,93,04,784 |
| ചെലവ് | 76,60,509 |
| നീക്കിയിരിപ്പ് | 1,16,44,275 |

### എ. അക്കൗ ് തിരിച്ചുള്ള സാമ്പത്തിക നില

| Fund | OB | Receipts | Total | Payment | Balance |
|---|---|---|---|---|---|
| TRY-TPA 494 | 63,06,733 | 1,28,15,858 | **1,91,22,591** | 76,60,125 | 1,14,62,466 |
| Bank – SBT A/c57037146832 | 2,76,835 | 19,40,435 | **22,17,270** | 20,50,000 | 1,67,270 |
| Cash | 1,144 | 10,98,837 | **10,99,981** | 10,85,442 | 14,539 |
| **Total** | **65,84,712** | **1,58,55,130** | **2,24,39,842** | **1,07,95,567** | **1,16,44,275** |

(വരവ് ചെലവുകളിൽ ട്രാൻസ്ഫർ ക്രെഡിറ്റുകൾ ഉൾപ്പെടുന്നു)

LOCAL FUND AUDIT DEPARTMENT

## ബി. നീക്കിയിരിപ്പിന്റെ വിശദാംശം

| | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരമുള്ള കയ്യിരിപ്പ് | 14,344 |
| 22.12.2009 ലെ ട്രഷറി ഒടുക്കിലെ വ്യത്യാസം | (+)200 |
| 11.03..2013 ലെ ട്രഷറി ഒടുക്കിലെ വ്യത്യാസം | (−) 5 |
| ആകെ | 14,539 |

| | |
|---|---|
| ട്രഷറി നീക്കിയിരിപ്പ് (ക്യാഷ് ബുക്ക് പ്രകാരം) | 1,14,62,364 |
| ഓപ്പണിങ് ഡിഫറൻസ് - മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം | (+)297 |
| 22.12.2009 ലെ ട്രഷറി ഒടുക്കിലെ വ്യത്യാസം | (−)200 |
| 11.03.2013 ലെ ട്രഷറി ഒടുക്കിലെ വ്യത്യാസം | (+)5 |
| ആകെ | 1,14,62,466 |
| ബാങ്ക് നീക്കിയിരിപ്പ് (ക്യാഷ് ബുക്ക് പ്രകാരം) | 1,67,270 |
| ആകെ | 1,16,44,275 |

LOCAL FUND AUDIT DEPARTMENT

## സി. 2010-11 നീക്കിയിരിപ്പ് (31.03.2011 ൽ)

| | |
|---|---|
| ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം | 1,15,56,685.00 |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം<br>(ബാങ്ക് പലിശ 3948 (31.05.2010) ഉം 3784 (30.11.2010) ഉം ഉൾപ്പെടെ. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം കളക്ഷന് നൽകിയ ഡി.ഡി തുക (അൺക്യാഷ്ഡ് ചെക്ക്/ഡിഡി) 30382 രൂപ ബാങ്കിൽ വരവ് വന്നിട്ടില്ല) | 1,80,993.51 |
| കയ്യിരിപ്പ് | 14,539.00 |
| ആകെ | 1,17,52,217.51 |
| വ്യത്യാസം = 11752217.51 - 11644275 = 107942.51 | |
| **വ്യത്യാസം ഇനം തിരിച്ച്** | |
| ട്രഷറി | 94,219.00 |
| ബാങ്ക് | 13,723.51 |
| ആകെ | 1,07,942.51 |

ക്യാഷ് ബുക്കും, ട്രഷറി/ബാങ്ക് നീക്കിയിരിപ്പുകളും തമ്മിൽ പൊരുത്തപ്പെടുത്തേ തും, കഴിഞ്ഞ വർഷത്തെയുൾപ്പെടെയുള്ള ആകെ വ്യത്യാസം **1,07,942.51** രൂപ പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേ തുമാണ്.

## ഡി. പണമാകാത്ത ചെക്ക്/ഡിഡി കളുടെ വിവരം

| ക്രമ നമ്പർ | ഡി.ഡി/ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 61037 | 2,813 |
| 2 | 98489 | 2,813 |
| 3 | 282278 | 2,925 |
| 4 | 122301 | 3,114 |
| 5 | 437356 | 3,151 |
| 6 | 19887 | 1,014 |
| 7 | 865615 | 1,014 |
| 8 | 636169 | 2,925 |
| 9 | 470369 | 3,338 |
| 10 | 199607 | 2,100 |
| 11 | 148848 | 1,575 |
| 12 | 492761 | 2,100 |
| 13 | 110442 | 1,500 |
| | **ആകെ** | **30,382** |

LOCAL FUND AUDIT DEPARTMENT

# 10. ക്യാഷ് ബുക്ക് അപാകം - റീകൺസിലിയേഷനു പകരം നടപടി ഉത്തരവ്

**(നടപടി നം.1512/ഡി1//11/എസ്.ഐ.ഇ.പി തീയതി 31.03.2012)**

## എ. ഉത്തരവ് അക്കൗ ിംഗ് റൂളുകൾക്ക് വിരുദ്ധം

2009-10 കാലയളവിലെ റിവോൾവിങ് ഫ ് അക്കൗ ്സിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 20 പ്രകാരമുള്ള സാമ്പത്തിക നിലയിൽ ക്യാഷ് ബുക്കും, ബാങ്ക്/ട്രഷറി അക്കൗ ്സും തമ്മിലുള്ള വ്യത്യാസം ക െത്തി റീകൺസൈൽ ചെയ്യണമെന്നറിയിച്ചിരുന്നു. ഇതിന് മറുപടിയായി വ്യത്യാസം ക െത്തി പരിഹരിക്കുന്നതിന് പകരം ഉത്തരവിലൂടെ അപാകം പരിഹരിച്ചിട്ടുള്ളതായി ഇൻസ്റ്റിറ്റ്യൂട്ട് അറിയിക്കുകയായിരുന്നു.

31.03.2012 ലെ 1512/ഡി1/11/എസ്.ഐ.ഇ.പി നമ്പർ നടപടിയിൽ 'മുൻകാലങ്ങളിൽ റീകൺസിലിയേഷൻ നടത്തിയിട്ടില്ലാത്തതിനാൽ വ്യത്യാസം എങ്ങനെ ഉ ായെന്ന് ക ത്താൻ സാധിച്ചിട്ടില്ലെന്ന്' പറയുന്നു. 'ഇൻസ്റ്റാൾമെന്റ് സ്കീമിലുള്ളവർ തുക നേരിട്ട് അക്കൗ ിലേക്ക് അടച്ചിരുന്നതിനാലായിരിക്കാം' ഈ വ്യത്യാസം ഉ ായതെന്നുള്ള അവ്യക്തമായൊരു വിശദീകരണവും നൽകിയിരുന്നു. ക്യാഷ് ബുക്കും അക്കൗ ുകളും തമ്മിലുള്ള വ്യത്യാസ തുകയായ **1,38,426.51** രൂപ ഡെബിറ്റ് ചെയ്ത് റ്റാലി ആക്കി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഈ നടപടി അക്കൗ ിംഗ് റൂളുകൾക്ക് വിരുദ്ധമാണ്.

മേൽ നമ്പർ നടപടി ഉത്തരവ് ഇറക്കിയിരിക്കുന്നത് 31.03.2012 ലാണ്. എന്നാൽ '31.11.2012 ൽ റീകൺസിലിയേഷൻ നടത്തി ഉത്തരവാകുന്നുവെന്ന്' ഒരിടത്തും '01.12.2012 ൽ ഡെബിറ്റ് ചെയ്ത് അക്കൗ ് റ്റാലി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു' എന്ന് മറ്റൊരിടത്തും പറയുന്നു.

## ബി. ഇൻസ്റ്റിറ്റ്യൂട്ട് ചെയ്യേ ത്

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള വ്യത്യാസം ക ത്തി റീകൺസിലിയേഷനിലൂടെ അപാകം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഫൈനാൻസ് ഓഫീസർ സ്വീകരിക്കണം. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇക്കാര്യം ശ്രദ്ധിക്കണം.

ട്രഷറി, ബാങ്ക് അക്കൗ ുകളിൽ ഉ ായിട്ടുള്ള വ്യത്യാസം സസ്പെൻസ് അക്കൗ ിൽ ഉൾപ്പെടുത്തി വ്യത്യാസത്തിന്റെ കാരണം ക ത്തി പരിഹരിക്കാവുന്നതാണ്.

ഓഡിറ്റ് റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള അപാകം പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## ഭാഗം-3

## തടസ്സപ്പെടുത്തലുകൾ

### 11. വാല്യങ്ങൾ നേരിട്ട് എത്തിക്കുന്നതിന് അനുവാദമില്ല - ചെലവാക്കിയ തുക 2,52,782 രൂപ തടസ്സപ്പെടുത്തുന്നു.

**എ. അനുമതി തേടണം**

ഇൻസ്റ്റിറ്റ്യൂട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം (ജി.ഒ.(ആർ.റ്റി).നം.1652/78/ഉ.വിദ്യാ. തീയതി 29.08.1978, നം.2062/ഉ.വിദ്യാ./78 തീയതി 14.11.1978, ജി.ഒ.(ആർ.റ്റി).നം.2801/95/പൊ.വിദ്യാ. തീയതി 11.08.1995) വിജ്ഞാനകോശ വാല്യങ്ങൾ സ്കൂളുകളിൽ വാങ്ങണമെന്നും, ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ സമീപിക്കണമെന്നും മാത്രമേ പറയുന്നുള്ളൂ. 24.06.1996 ലെ എസ്.പി.40654/96/ഡി.പി.ഐ നമ്പർ കത്ത് പ്രകാരം വാല്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെലവിൽ വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിൽ എത്തിച്ചുകൊടുക്കണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എസ്.ഐ.ഇ.പി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടു ്. എന്നാൽ ഇതിൻമേൽ ഭരണസമിതി സ്റ്റാന്റിങ് കമ്മിറ്റി കൈക്കൊ തീരുമാനങ്ങൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 21.07.2012 തീയതിയിലെ നമ്പർ.04 ഓഡിറ്റ് റിക്വിസിഷൻ പ്രകാരം ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു.

**ബി. അനുവാദമില്ലാതെ ചെലവാക്കിയ തുക 2,52,782 രൂപ**

വാല്യങ്ങൾ വിവിധ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്നതിന് ഓഡിറ്റുവർഷം **2,52,782** രൂപ ചെലവാക്കി. വിശദവിവരം പട്ടികയായി കൊടുക്കുന്നു.

LOCAL FUND AUDIT DEPARTMENT

| ക്രമ നമ്പർ | വൗച്ചർ നം./ ക്രമപ്പെടുത്തിയ തീയതി | ജില്ലാ വിദ്യാഭ്യാസ ഓഫീസ് / മറ്റ് ഓഫീസുകൾ | ലഭ്യമാക്കിയ വിജ്ഞാന കോശ വാല്യങ്ങൾ | കയറ്റു കൂലി/ മറ്റിനം | ഇറക്കു കൂലി | ദിന ബത്ത | വ ി ക്കൂലി | ആകെ |
|---|---|---|---|---|---|---|---|---|
| 01 | 82/10-11 12.07.10 | തലശേരി | 3463 | 420 | 1,400 | 1,200 | 27,000 | 35,740 |
| | | കണ്ണൂർ | | 500 | 1,350 | | | |
| | | കാഞ്ഞങ്ങാട് | | | 2,000 | | | |
| | | കാസർകോട് | | | 1,900 | | | |
| 02 | 92/10-11 19.07.10 | വടകര | 1110 | 875 | 2,000 | 2000 | 22,500 | 29,875 |
| | | തലശേരി | 1260 | | 2,500 | | | |
| 03 | 111/10-11 10.08.10 | താമരശേരി | 1190 | 2,000 | 2,500 | 2000 | 22,500 | 31,500 |
| | | വയനാട് | 1088 | | 2,500 | | | |
| 04 | 112/10-11 10.08.10 | മലപ്പുറം | 172 | 1,320 | 500 | 1,600 | 18,000 | 25,920 |
| | | കോഴിക്കോട് | 397 | | 800 | | | |
| | | വ ൂർ | 423 | | 1,200 | | | |
| | | തിരൂർ | 1085 | | 2,500 | | | |
| 05 | 128 A/10-11 06.09.10 | തിരൂർ | 434 | 725 | 650 | 1,600 | 18,000 | 25,475 |
| | | കോഴിക്കോട് | 273 | | 500 | | | |
| | | മലപ്പുറം | 1204 | | 3,000 | | | |
| | | പാലക്കാട് | 360 | | 700 | | | |
| | | വ ൂർ | 132 | | 300 | | | |
| 06 | 128 B/10-11 06.09.10 | ഒറ്റപ്പാലം | 524 | 125 | 1,500 | 1,600 | 15,750 | 23,075 |
| | | തൃശ്ശൂർ | 762 | | 1,200 | | | |
| | | ഇരിങ്ങാലക്കുട | 1013 | | 3,000 | | | |
| | | തൃശ്ശൂർ | 50 | | 100 | | | |
| 07 | 172/10-11 01.11.10 | ചാവക്കാട് | 1038 | | 2,000 | 1,200 | 13,500 | 18,750 |
| | | ആലുവ | 634 | | 1,000 | | | |
| | | മൂവാറ്റുപുഴ | 533 | | 950 | | | |
| | | എറണാകുളം | 55 | | 100 | | | |
| 08 | 274 A/10-11 17.02.11 | എറണാകുളം | 1155 | | 2,772 | 1,200 | 13,500 | 19,672 |
| | | ചേർത്തല | 420 | | 750 | | | |
| | | കോതമംഗലം | 276 | | 750 | | | |
| | | ആലപ്പുഴ | 348 | | 700 | | | |
| 09 | 267/10 -11 | പാല | 546 | 125 | 1,250 | 1,200 | 15,750 | 22,325 |
| | | തൊടുപുഴ | 726 | | 1,750 | | | |
| | | കട്ടപ്പന | 984 | | 2,250 | | | |
| 10 | 275/10 -11 | കോട്ടയം | 966 | | 5,750 | 1,200 | 13,500 | 20,450 |
| | | കടുത്തുരുത്തി | 518 | | | | | |
| | | കാഞ്ഞിരപ്പള്ളി | 793 | | | | | |
| | | | | | | | ആകെ | 25,2782 |

LOCAL FUND AUDIT DEPARTMENT

പട്ടിക പ്രകാരം 23952 വാല്യങ്ങൾ വിവിധ വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിൽ എത്തിച്ചതിന് **2,52,782** രൂപ കൂലിയിനത്തിൽ ചെലവായി. ഒരു വാല്യത്തിന് ശരാശരി 10.55 രൂപ ക്രമത്തിൽ ആണ് ചെലവു വിവരം. പട്ടികയിലെ ക്രമനമ്പർ 1 മുതൽ 8 വരെയുള്ള ചെലവിനങ്ങൾക്ക് വെള്ളപ്പേറിൽ തയ്യാറാക്കിയ കയറ്റിറക്കു കൂലി വൗച്ചറുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവശേഷിക്കുന്നതിന് വൗച്ചറുകൾ ഉൾപ്പെടുത്തിയിട്ടില്ല. നിയമാനുസൃത വൗച്ചറുകൾ ഹാജരാക്കാതെ ചെലവനുവദിക്കാൻ പാടില്ലാത്തതായിരുന്നു.

പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം കയറ്റിറക്കു ജോലികൾ നിർവ്വഹിച്ചിരിക്കുന്നത് സി.ഐ.റ്റി.യു, ഐ.എൻ.റ്റി.യു.സി, ബി.എം.എസ് എന്നീ സംഘടനകളിലെ അംഗങ്ങളാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത തൊഴിലാളി യൂണിയനുകളുടെ പേരിലുള്ള നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് നൽകേ താണ്.

## സി. ഇറക്കുകൂലി അനുവദനീയമായതിലും കൂടുതൽ

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, തിരുവനന്തപുരം ജില്ലാ കമ്മിറ്റി 01.12.2010 മുതൽ ബാധകമാക്കിയ കൂലി നിരക്കുകൾ പ്രകാരം വലിയ ഒരു ലോറി തടിയിറക്കുന്നതിന് 650 രൂപയാണ് കൂലി (ഐറ്റം നം.25). 50 കിലോ വരെയുള്ള സിമന്റ് ജാളി, തൂണുകൾ, ഫയൽ അടങ്ങുന്ന കെട്ടുകൾ എന്നിവ ഇറക്കുന്നതിന് 10 രൂപയുമാണ് കൂലി നിശ്ചയിച്ചിരിക്കുന്നത്. പുസ്തകങ്ങളുടെ കാര്യം ഇതിൽ സൂചിപ്പിച്ചിട്ടില്ല. മുകൾ നിലകളിൽ എത്തിക്കുന്നതിന് ഓരോ നിലയ്ക്കും 20% അധിക കൂലി നൽകേ തു ്. കൂലിയിനത്തിൽ തുക കൈപ്പറ്റുമ്പോൾ തൊഴിലാളികൾ നിർബന്ധമായും രസീത് നൽകേ തു ് എന്ന വിവരവും ഇതിൽ ഉൾപ്പെടുത്തിയിട്ടു ്.

ഓരോ ജില്ലയിലേയും കയറ്റിറക്കു കൂലി നിശ്ചയിക്കുന്നതിൽ പ്രാദേശിക പരിഗണനയനുസരിച്ച് വ്യത്യാസങ്ങൾ ഉ ാവാം. വൗച്ചർ നം.14/2010-11 പ്രകാരം മഞ്ചേരി വിദ്യാഭ്യാസ ജില്ലാ അധികാരികൾ 333 വിജ്ഞാനകോശ വാല്യങ്ങൾ പാഴ്സൽ ഓഫീസിൽ നിന്ന് കയറ്റിയതിന് 50/- രൂപയും, ഇവ ഓഫീസിൽ ഇറക്കിയതിന് 50/- രൂപയുമാണ് നൽകിയിട്ടുള്ളത്.

LOCAL FUND AUDIT DEPARTMENT

ബുക്ക് മാർക്കറ്റിങ് സൊസൈറ്റിയുടെ തിരുവനന്തപുരം ബുക്ക് സ്റ്റാളിൽ 1920 വിജ്ഞാനകോശവാല്യങ്ങൾ ഇറക്കിവച്ചതിന് 960 രൂപയാണ് അംഗീകൃത രസീതിൻ പ്രകാരം സി.ഐ.റ്റി.യു തൊഴിലാളികൾ ഈടാക്കിയിട്ടുള്ളത് (വൗച്ചർ നം.132). കയറ്റിറക്കു വിഭാഗത്തിൽ അംഗീകൃത രസീത് അടക്കം ചെയ്തിട്ടുള്ള ഏക വൗച്ചറും ഇതാണ്.

വിജ്ഞാനകോശ വാല്യങ്ങൾ വിവിധ ഓഫീസുകളിൽ എത്തിച്ചതിന് ചെലവായ തുകയുടെ വിവരം കാണിക്കുന്ന പട്ടിക നോക്കുക. ഓരോ വാല്യത്തിനും ഏകദേശം എത്ര കിലോഗ്രാം ഭാരമു ന്ന് ഇൻസ്റ്റിറ്റ്യൂട്ട് രേഖപ്പെടുത്തിയിട്ടു ്. (ഫയൽ നം.1339/ഡി4/2010/എസ്.ഐ.ഇ.പി) പട്ടികയിൽ പറഞ്ഞിട്ടുള്ള നിരക്കും, ഈ ഖണ്ഡികയിൽ മുൻപറഞ്ഞ നിരക്കും പരിശോധിച്ചാൽ

666 കിലോഗ്രാം ഭാരമുള്ള 333 വാല്യങ്ങൾ ഇറക്കിയപ്പോൾ വാല്യമൊന്നിന് ചെലവായത് 15 പൈസ മാത്രം. (വൗച്ചർ നം.14/2010-11). 3840 കിലോഗ്രാം ഭാരമുള്ള 1920 വാല്യങ്ങൾ ഇറക്കിയതിന് ഒരെണ്ണത്തിന് 2 രൂപ ചെലവായി.

LOCAL FUND AUDIT DEPARTMENT

**<u>ഓഡിറ്റിന്റെ ശുപാർശകൾ</u>**

വിജ്ഞാനകോശ വാല്യങ്ങൾ വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നതിനുള്ള ചെലവ് ഇൻസ്റ്റിറ്റ്യൂട്ട് വഹിക്കുന്നത് സംബന്ധിച്ച് പുനഃപരിശോധന നടത്തേ തും ആയതു സംബന്ധിച്ച് സർക്കാർ/ഭരണസമിതി തീരുമാനം കൈക്കൊള്ളേ തുമാണ്.

വാല്യങ്ങൾ ഓഫീസുകളിൽ എത്തിച്ച ഇനത്തിൽ ചെലവഴിച്ച തുകയ്ക്ക് (2,52,782 രൂപ) സാധൂകരണം നേടുന്നതോടൊപ്പം വൗച്ചറുകൾ ഹാജരാക്കേ താണ്.

ചെലവാക്കിയ തുകയ്ക്കുള്ള വൗച്ചറുകൾ, തുക അഡ്ജസ്റ്റ് ചെയ്യുന്ന വേളയിൽത്തന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേ താണ്.

***<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>***

1. പ്രൊ.കെ.പാപ്പുട്ടി, ഡയറക്ടർ
2. ശ്രീ.ജേക്കബ് കോശി, ഫൈനാൻസ് ഓഫീസർ

## 12. വിജ്ഞാനകോശ വാല്യങ്ങളുടെ പുനർമുദ്രണം : നടപടികളിൽ അപാകം ചെലവു തുക 42,84,340 രൂപ തടസ്സപ്പെടുത്തുന്നു.

### എ. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ തീരുമാനം ചട്ടവിരുദ്ധം

ജ്യോതിശാസ്ത്ര വിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം എന്നീ വാല്യങ്ങളുടെ 5000 കോപ്പികൾ വീതം പുനർമുദ്രണം ചെയ്യുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ 28.10.2010 ന് സെന്റ് ജോസഫ് പ്രസുമായി കരാറിലേർപ്പെട്ടു. ഡയറക്ടറുടെ ഈ നടപടി ചുവടെ പറയുന്ന നിയമാനുസൃത നടപടികൾ പാലിക്കാതെയായിരുന്നു. ഇക്കാരണത്താൽ ഇവയുടെ പുന:പ്രസിദ്ധീകരണത്തിനായി റിവോൾവിങ് ഫ ിൽ നിന്ന് ചെലവഴിച്ച **42,84,340** രൂപ തടസ്സപ്പെടുത്തുന്നു. തുകയുടെ വിശദാംശങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. | തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 176 | - | 04.11.2010 | 15,00,000 | അഡ്വാൻസ് |
| 2 | - | 503120 | 27.06.2011 | 26,98,653 | |
| 3 | - | 503121 | 27.06.2011 | 85,687 | ഇൻകം ടാക്സ് |
| | | | **ആകെ** | **42,84,340** | |

### ബി. ബജറ്റ് അംഗീകാരമില്ല – സർക്കാർ ചട്ടങ്ങൾ അവഗണിക്കപ്പെടുന്നു.

2010-11 കാലയളവിലെ ബജറ്റ് നിർദ്ദേശങ്ങളിൽ ഇവയുടെ പുന:പ്രസിദ്ധീകരണ വിവരം ഉൾപ്പെടുത്തിയിരുന്നില്ല. സർവവിജ്ഞാനകോശം 03, 07, 10 എന്നീ വാല്യങ്ങളുടെ പരിഷ്കരണം 15, 16 വാല്യങ്ങളുടെ പ്രസിദ്ധീകരണം എന്നിവ മാത്രമാണ് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയത്. 2009-10 കാലയളവിൽ ഈ വാല്യങ്ങളുടെ ആദ്യ പ്രസിദ്ധീകരണവും ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താതെയാണ് നിർവഹിച്ചിട്ടുള്ളത്. ഇക്കാരണത്താൽ അന്ന് ചെലവഴിച്ച **42,84,340** രൂപ 2009-10 ലെ ഓഡിറ്റ് റിപ്പോർട്ടിൽ (ജനറൽ ഫ ് അക്കൗ ്സ് 2009-10, ഖണ്ഡിക 29) തടസ്സവാദമായി ഉൾപ്പെടുത്തിയിരുന്നതുമാണ്. ര ് അവസരങ്ങളിലും ഇതിൻമേൽ സർക്കാർ സാധൂകരണം തേടിയിട്ടില്ല.

2010-11 ൽ ജ്യോതിശാസ്ത്ര വിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം എന്നിവയുടെ അച്ചടിക്കാവശ്യമായ തുക ബജറ്റിലുൾപ്പെടുത്താതെ റിവോൾവിങ് ഫ ിൽ നിന്ന് നേരിട്ട് ചെലവാക്കുകയായിരുന്നു.

LOCAL FUND AUDIT DEPARTMENT

**<u>സി. ടെ ർ നടപടികൾ സ്വീകരിച്ചില്ല</u>**

പൂർണ്ണമായും സർക്കാർ ഗ്രാന്റിന്റെ സഹായത്താൽ പ്രവർത്തിച്ചു പോരുന്ന ഒരു സ്ഥാപനമാണിത്. ഇത്രയും വലിയ ഒരു പദ്ധതി ഓപ്പൺ ടെ ർ വഴി നടപ്പാക്കേ ിയിരുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ടെ ർ നടപടികൾ ഒഴിവാക്കി വാല്യങ്ങൾ പ്രസിദ്ധീകരിക്കേ സാഹചര്യങ്ങൾ ഇല്ലായിരുന്നു എന്ന് വ്യക്തമാണ്. 2009-10, 2010-11 എന്നീ കാലയളവുകളിലെ പ്രസിദ്ധീകരണം, പുന:പ്രസിദ്ധീകരണം ഇനങ്ങളിൽ ഇവയുടെ 10000 കോപ്പികൾ വീതമാണുള്ളത്. 29.03.2012 വരെ ജ്യോതിശാസ്ത്രം, പരിണാമം എന്നിവയുടെ യഥാക്രമം 7540, 7225 കോപ്പികൾ മാത്രമാണ് പ്രിന്റിങ് പ്രസിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ നിന്നും യഥാക്രമം ഇവയുടെ 7048, 6847 കോപ്പികൾ വീതമാണ് പ്രസ്തുത തീയതി വരെ വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്. 2012 മാർച്ചിൽപോലും യഥാക്രമം ഇവയുടെ 2460, 2775 കോപ്പികൾ പ്രിന്റിങ് പ്രസിൽ കെട്ടിക്കിടക്കുകയാണ്. 2010 ജനുവരിയിൽ പ്രസിദ്ധീകരിച്ച വാല്യങ്ങൾ ധൃതിപിടിച്ച് ടെ ർ നടപടികൾ ഒഴിവാക്കി 2010 ഒക്ടോബറിൽ വീ ും സെന്റ് ജോസഫ് പ്രസിനെത്തന്നെ പ്രിന്റിങ് പ്രക്രിയ ഏൽപ്പിച്ചത് ചട്ടവിരുദ്ധമാണ്. ബജറ്റ് അംഗീകാരമില്ലാതെ വളരെ വലിയ ഒരു തുകയുടെ പദ്ധതി ടെ ർ നടപടികൾ ഒഴിവാക്കി സ്വകാര്യ പ്രസിനെ ഏൽപ്പിക്കാൻ തക്ക അടിയന്തിര സാഹചര്യമു ായിരുന്നുവെങ്കിൽ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുവാദം തേടേ ിയിരുന്നതാണ്. ഇക്കാര്യം അക്കൗ ന്റ് ജനറലിനെയും ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചതായി കാണുന്നില്ല. ഡയറക്ടറുടെ നിയമാനുസൃതമല്ലാത്ത ഈ നടപടി 23.11.2010 ൽ ഗവേണിങ് ബോഡി സാധൂകരിച്ചിട്ടു ്. (തീരുമാനം നം.12). സർക്കാരാണ് ഇതിന്മേൽ അംഗീകാരവും തുടർന്ന് സാധൂകരണവും നൽകേ ിയിരുന്നത്.

**<u>ഡി. കരാർ വ്യവസ്ഥകൾ പാലിച്ചില്ല</u>**

മേൽപ്പറഞ്ഞ വിജ്ഞാനകോശ വാല്യങ്ങളുടെ പ്രസിദ്ധീകരണം, പുന:പ്രസിദ്ധീകരണം എന്നിവയുടെ അച്ചടിജോലികൾ മെസ്സേഴ്സ് സെന്റ് ജോസഫ് പ്രസാണ് നിർവഹിച്ചിട്ടുള്ളത്. ഇവ ര ിനും (പ്രസിദ്ധീകരണം, പുന:പ്രസിദ്ധീകരണം) ഒരേ നിരക്ക് തന്നെയാണ് ഈടാക്കിയിരിക്കുന്നത്. ഡെമി 1/4 സൈസിൽ 100 ജി.എസ്.എം കടലാസിൽ 704 പേജ്

LOCAL FUND AUDIT DEPARTMENT

മൾട്ടികളർ പ്രിന്റിങ്, ഡീലക്സ് ബയന്റിങ് ഉൾപ്പെടെയുള്ള ജ്യോതിശാസ്ത്ര വിജ്ഞാനകോശത്തിന് 21,49,332 രൂപയും ഇതേ സ്പെസിഫിക്കേഷനുകളിൽ 698 പേജുകളുള്ള പരിണാമവിജ്ഞാനകോശത്തിന് 21,35,008 രൂപയുമാണ് നിരക്ക് നിശ്ചയിച്ചത്.

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും, പ്രിന്റിങ് പ്രസ് അധികാരികളുമായി 28.10.2010 ൽ ഏർപ്പെട്ട കരാർ പ്രകാരം (ഫയൽ നം.403/ഇ2/09/എസ്.ഐ.ഇ.പി പേജ് നം.329) 10.11.2010 മുമ്പായി 10000 കോപ്പികളും അച്ചടിച്ച് നൽകാമെന്ന് പ്രസ് അധികൃതർ സമ്മതിച്ചിട്ടു ്. പ്രിന്റിങ്ങിന് ആവശ്യമായ ഫോട്ടോഗ്രാഫ്സ്, ആർട്ട് വർക്കുകൾ തുടങ്ങിയവ 28.10.10 ന് മുൻപായി പ്രസിന് നൽകേ തു ന്നും കരാറിൽ ചേർത്തിട്ടു ്. എന്നാൽ പുതുതായി ഫോട്ടോഗ്രാഫ്സ്, മറ്റു വിവരങ്ങൾ എന്നിവ കൂട്ടിച്ചേർത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പെട്ടെന്നുള്ള പുനഃപ്രസിദ്ധീകരണമായതിനാൽ പുതുതായി ഒന്നും തന്നെ കൂട്ടിച്ചേർക്കേ തായി വന്നിട്ടില്ല.

അച്ചടി പൂർത്തിയായി വാല്യങ്ങൾ സ്വന്തം ചെലവിൽ 10.11.2010 നകം ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കുന്നതാണെന്ന് പ്രസ് അധികൃതർ വ്യവസ്ഥ ചെയ്തതിൻ പ്രകാരം 04.11.2010 ലെ 403/ഇ2/09/എസ്.ഐ.ഇ.പി നടപടിയിലൂടെ 15 ലക്ഷം രൂപ മുൻകൂറായി അനുവദിച്ചു. എന്നാൽ കരാറിൽ വ്യവസ്ഥചെയ്തിരുന്നതുപോലെ വാല്യങ്ങളുടെ അച്ചടി പൂർത്തിയാക്കി ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചിട്ടില്ല. ഇതിൽ വീഴ്ച പറ്റിയാൽ പ്രസിനെതിരെ നടപടികൾ കൈക്കൊള്ളുമെന്ന് കരാറിൽ വ്യവസ്ഥയു ായിരുന്നിട്ടും ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ മൗനം പാലിക്കുകയാണു ായത്. അധിക വിവരങ്ങൾ ഉൾപ്പെടുത്തേ തില്ലായിരുന്നിട്ടും നിശ്ചിത സമയത്ത് വാല്യങ്ങൾ ലഭ്യമാക്കാതിരുന്നതിൻമേൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രതികരിക്കാതിരുന്നതിൽ നിന്നും ഈ വാല്യങ്ങൾ അടിയന്തിരമായി പ്രസിദ്ധീകരിക്കപ്പെടേ ുന്നവയല്ലെന്ന് വ്യക്തമാവുന്നു.

അച്ചടി പൂർത്തിയാക്കിയ വാല്യങ്ങൾ എന്നുമുതൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിത്തുടങ്ങിയെന്ന് ആരാഞ്ഞിട്ടും ഇൻസ്റ്റിറ്റ്യൂട്ട് മറുപടി നൽകിയില്ല. മുൻകൂർ കഴിച്ചുള്ള തുകയായ 27,84,370 രൂപ 27.06.2011 ലെ നം.403/ഇ2/09/എസ്.ഐ.ഇ.പി നടപടി പ്രകാരം സെന്റ് ജോസഫ് പ്രസിന് അനുവദിച്ചിട്ടു ്. ജീവനക്കാർക്ക് ശമ്പളം നൽകാൻ വിവിധ കാലയളവുകളിൽ റിവോൾവിങ് ഫ ിൽ നിന്നും കടമെടുത്ത 2,05,59,090 രൂപ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുമ്പോഴാണ് (റിവോൾവിങ് ഫ ് ഓഡിറ്റ് റിപ്പോർട്ട്

LOCAL FUND AUDIT DEPARTMENT

2009-10) പ്രസ്തുത തുക റിവോൾവിങ് ഫ ിൽ നിന്നും ചെലവഴിച്ചത്. ഈ സ്ഥാപനത്തിന്റെ വികസന ആവശ്യങ്ങൾക്ക് ഉപയുക്തമാക്കേ ിയിരുന്ന തനതു ഫ ് തുക അനവസരത്തിൽ പിൻവലിച്ചുപയോഗിച്ചതു വഴി കൂടുതൽ സാമ്പത്തിക ബാധ്യതയിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് തള്ളപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഒപ്പം ഈ പദ്ധതിക്ക് അമിതപ്രാധാന്യം നൽകി തുക പിൻവലിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ നടപടിയും ആശാസ്യമല്ല.

## ഇ. വീഴ്ചകൾ ആവർത്തിക്കുന്നു

ഭരണനിർവ്വഹണത്തിന് ഡയറക്ടറെ സഹായിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ എന്നീ ഉയർന്ന തസ്തികകൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലു ്. ഇവരുടെ ജോലി വിഭജനം 02.12.1989 ലെ ജി.ഒ.(എം.എസ്).നം.37/89/സി.എ.ഡി പ്രകാരം നിർവ്വഹിച്ചിട്ടു ്. ഇതു പ്രകാരം സാമ്പത്തിക കാര്യങ്ങളിൽ ഡയറക്ടർക്ക് ഉപദേശം നൽകേ ുന്നത് ഫൈനാൻസ് ഓഫീസറാണ്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ കാലയളവിലു ായിരുന്ന ഫൈനാൻസ് ഓഫീസർ (28.10.2010 ൽ) ഈ കടമ നിർവ്വഹിച്ചതായി കാണുന്നില്ല. ചട്ടവിരുദ്ധമായ സാമ്പത്തിക ഇടപാടുകൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ ഫൈനാൻസ് ഓഫീസർ പരാജയപ്പെട്ടു. ഇതിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കും വീഴ്ച പറ്റി. ഇവർ ഇതുസംബന്ധിച്ച ഫയലിൽ വിയോജനക്കുറിപ്പും രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ എന്നിവരെയും ഈ ബാധ്യതയിൽ നിന്നും ഒഴിവാക്കാൻ പറ്റുന്നതല്ല.

LOCAL FUND AUDIT DEPARTMENT

## എഫ്. പ്ലാൻ ഫ ിൽ ഉൾപ്പെടുത്താമായിരുന്നു

മുൻകൂട്ടി തയ്യാറെടുപ്പുകൾ ഉ ായിരുന്നുവെങ്കിൽ തനതു വർഷത്തെ പ്ലാൻ ഫ ിൽ ഉൾപ്പെടുത്താമായിരുന്ന ഒരിനമായിരുന്നു ഈ പുനഃപ്രസിദ്ധീകരണം. ബജറ്റിൽ അവശ്യ മാറ്റങ്ങൾ വരുത്തി സർക്കാർ അംഗീകാരം നേടിയാൽ മതിയാകുമായിരുന്നു. തനതു സാമ്പത്തിക വർഷം 82 ലക്ഷം രൂപയാണ് പ്ലാൻ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കപ്പെടാതെ റിവോൾവിങ് ഫ ിലേക്ക് മാറ്റപ്പെട്ടത്.

നിലവിലുള്ള സർക്കാർ ചട്ടങ്ങൾ മറികടന്നുകൊ ുള്ള ഇത്തരം നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ആവർത്തിക്കാതിരുക്കുന്നതിനുള്ള ഉത്തരവാദിത്തം ഗവേണിങ്

ബോഡിയിൽ നിക്ഷിപ്തമാണ്. ഗവേണിങ് ബോഡി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർമാരുടെ ഇത്തരം നടപടികൾ ഗൗരവമായി കാണേ  താണ്.

മേൽപ്പറഞ്ഞ വീഴ്ചകളിൻമേൽ നടപടി സ്വീകരിക്കുന്നതിനും, ഇനി ആവർത്തിക്കാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും വേ ി ഇക്കാര്യം സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

***<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ</u>***

1) പ്രൊ.കെ.പാപ്പുട്ടി, ഡയറക്ടർ
2) ശ്രീ.പി.ശ്രീകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3) ശ്രീ.ജേക്കബ് കോശി, ഫൈനാൻസ് ഓഫീസർ

LOCAL FUND AUDIT DEPARTMENT

# ഭാഗം-4

## 13. ഓഡിറ്റ് ചാർജ്

ലോക്കൽ ഫ ് സ്ഥാപനങ്ങളുടെ സർക്കാർ ഗ്രാന്റിതര വാർഷിക വരുമാനത്തിന്റെ (ക്യാപിറ്റൽ, റവന്യൂ വരുമാനങ്ങൾ) ഒരു ശതമാനമാണ് ഓഡിറ്റ് ചാർജായി നിശ്ചയിച്ചിട്ടുള്ളത്. (ലോക്കൽ ഫ ് ഓഡിറ്റ് നിയമം സെക്ഷൻ 19 ചട്ടം 24(1), ജി.ഒ.(പി).നം.368/2009/ഫിൻ തീയതി 28.08.2009, ലോക്കൽ ഫ ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23.04.2010 ലെ എൽ.എഫ്.4700/ആർ.4/2010 നമ്പർ കത്ത് എന്നിവ നോക്കുക)

വിജ്ഞാനകോശ വാല്യങ്ങളുടെ വിറ്റുവരവാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനതു വരുമാനമായി കണക്കാക്കാവുന്നത്. 2010-11 കാലയളവിൽ വിജ്ഞാനകോശ വാല്യങ്ങളുടെ വിറ്റുവരവ് ഇനത്തിൽ 45,00,072 രൂപ സമാഹരിച്ചു. ഇതിന്റെ ഒരു ശതമാനമായ 45,001 രൂപ ഓഡിറ്റ് ചാർജായി ഈടാക്കേ താണ്.

**<u>സംക്ഷിപ്തം</u>**

| | | |
|---|---|---|
| വർഷാരംഭത്തിൽ ഒടുക്കാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് (ഓഡിറ്റ് റിപ്പോർട്ട് ജനറൽ ഫ ് അക്കൗ ്സ് 2010-11) | : | 2,18,854 |
| 2010-11 വർഷത്തെ ഓഡിറ്റ് ചാർജ് (4500072 രൂപയുടെ ഒരു ശതമാനം = 45000.72) | : | 45,001 |
| 2011-12 വർഷത്തെ ഒടുക്കു വിവരം | : | ഇല്ല |
| ഒടുക്കാൻ ബാക്കി | : | 2,63,855 |

ഓഡിറ്റ് ചാർജ് '0070-60-110-99' എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫ ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## ഭാഗം–5

## 14. ഓഡിറ്റ് പ്രത്യവലോകനം

### എ. ഓഡിറ്റ് പ്രത്യവലോകനം (2010 – 11)

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 1,93,04,784 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76,60,509 |
| തടസ്സപ്പെടുത്തിയ തുക | : | 45,37,122 |
| നിരാകരിച്ച തുക | : | ഇല്ല |
| വരവിനങ്ങളിലെ നഷ്ടം | : | ഇല്ല |

### ബി. തടസ്സപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 11 | 2,52,782 | 1. പ്രൊ.കെ.പാപ്പൂട്ടി, ഡയറക്ടർ<br>2. ശ്രീ.ജേക്കബ് കോശി, ഫൈനാൻസ് ഓഫീസർ |
| 12(എ) | 42,84,340 | 1. പ്രൊ.കെ.പാപ്പൂട്ടി, ഡയറക്ടർ<br>2. ശ്രീ.പി.ശ്രീകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>3. ശ്രീ.ജേക്കബ് കോശി, ഫൈനാൻസ് ഓഫീസർ |

LOCAL FUND AUDIT DEPARTMENT

**ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫ ്ഓഡിറ്റ് വകുപ്പ്**
**എസ്.ഐ.ഇ.പി & സിൽ ഓഡിറ്റ്**
**തിരുവനന്തപുരം**

# ഭാഗം-5

## അനുബന്ധം

### അനുബന്ധം-I

ഈ ഓഡിറ്റ് റിപ്പോർട്ടിലെ 2-ാം ഖണ്ഡിക പ്രകാരം തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | തീയതിയും റഫറൻസ് നമ്പരും |
|---|---|---|
| 1 | 1984-85 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1059/89 തീയതി 21.012.89 |
| 2 | 1985-86 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1069/89 തീയതി 12.12.89 |
| 3 | 1986-87 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1831/89 തീയതി 12.04.91 |
| 4 | 1987-88 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1644/91 തീയതി 06.02.92 |
| 5 | 1988-89 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.445/92 തീയതി 05.11.92 |
| 6 | 1989-90 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1050/93 തീയതി 12.07.94 |
| 7 | 1990-91 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.11/260/94 തീയതി 05.01.95 |
| 8 | 1991-92 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.11/1051/94 തീയതി 25.11.95 |
| 9 | 1992-93 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.11/1351/94 തീയതി 28.02.96/10.06.96 |
| 10 | 1993-94 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.11/1352/94 തീയതി 29.02.96/12.07.96 |
| 11 | 1994-95 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.11/862/98 തീയതി 10.08.98 |
| 12 | 1995-96 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.9(എ)/405/98 തീയതി 09.12.99 |
| 13 | 1996-97 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി. 9(എ)/566/98 തീയതി 07.07.99 |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| 14 | 1997-98 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1197/98 തീയതി 10.12.99/01.03.00 |
| 15 | 1998-99 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.760/00 തീയതി 23.02.01/01.10.01 |
| 16 | 1999-00 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.415/01 തീയതി 06.05.02/08.07.02 |
| 17 | 2000-01 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.959/02 തീയതി 12.03.03 |
| 18 | 2001-02 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1067/03 തീയതി 20.03.03 |
| 19 | 2002-03 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1263/05 തീയതി 11.03.05 |
| 20 | 2003-04 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1587/05 തീയതി 11.11.05 |
| 21 | 2004-05 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.1590/06 തീയതി 17.11.06 |
| 22 | 2005-06 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.മിസ്.01/318/08 തീയതി 18.03.08 |
| 23 | 2006-07 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.മിസ്.01/1593/08 തീയതി 27.11.08 |
| 24 | 2007-08 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.റ്റി.ഡി.മിസ്.1518/10 തീയതി 03.03.10 |
| 25 | 2008-09 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.സിൽ.എ2/517/10 തീയതി 23.06.11 |
| 26 | 2009-10 | ഇൻസ്റ്റാൾമെന്റ് അക്കൗ ്സ് എൽ.എഫ്.സിൽ.എ2/73/12 തീയതി 28.03.12 |

LOCAL FUND AUDIT DEPARTMENT

**ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫ ് ഓഡിറ്റ് വകുപ്പ്**
**എസ്.ഐ.ഇ.പി & സിൽ ഓഡിറ്റ്**
**തിരുവനന്തപുരം**